# താമരമൊട്ടുകൾ

വാല്യം 21 | ജനുവരി 2019 | ലക്കം 1 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 29 -12 - 2018 |




വിശുദ്ധനായ സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ


Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## January 2019

| | | |
|---|---|---|
| 01 | 09.15 | Kannoth - Ordi nation |
| 02 | 09.15 | Anackampoil - Ordination |
| | 14.15 | Chembukadavu - Ordination |
| | 18.30 | Koodaranji |
| 03 | 09.15 | Koorachundu - Ordination |
| | 16.30 | Chunda |
| 04 | | Office day |
| 05 | 07.00 | Paroppady |
| | 10.30 | Thamarassery |
| | 17.00 | Perambra |
| 06 | 07.30 | Vettilappara |
| | 10.00 | Kulathuvayal |
| | 18.30 | Chakkittapra |
| 07-12 | | Kakkanad - Synod |
| 13 | 15.00 | Kuninji |
| 14-18 | | Kakkanad - Synod |
| 19 | 07.30 | Pathirikode |
| | 11.00 | Malaparamba |
| | 16.00 | Mankavu |
| 20 | 07.30 | Balussery |
| | 10.30 | Kulathuvayal |
| 21 | 10.30 | Chakkittapra |
| | 14.30 | Poothampara |
| | 16.30 | PMOC |
| 22 | | Ramapuram |
| 23 | 10.30 | Thottumukkom |
| 24 | 06.30 | Pullanjimedu |
| | 11.00 | Narinada |
| | 16.30 | Kallanode |
| 25 | 07.30 | Manjakunnu |
| | 17.30 | Korangad |
| 26 | 10.30 | Paroppady |
| | 15.00 | Chathangottunada |
| | 17.00 | Kurumbalakotta |
| 27 | | Kuttarppadi |
| 28 | 16.30 | START |
| 29 | 11.00 | Chembukadavu |
| 30 | 10.30 | Thamarassery |
| | 14.30 | Koodaranji |
| 31 | | Office day |

വാല്യം 21 താമരമൊട്ടുകൾ ജനുവരി 2019 ലക്കം 01

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു.
എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു.
ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്.
നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട.
നിങ്ങൾ ഭയപ്പെടുകയും വേണ്ട.
(യോഹ 14:27)

## എല്ലാവർക്കും

## പുതുവത്സര ആശംസകൾ!

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 03 |
| 2. | പ്രോഗ്രാം ജനുവരി 2019 | 05 |
| 3. | സർക്കുലർ | 06 |
| 4. | സർക്കുലർ - 1 | 09 |
| 5. | സർക്കുലർ | 14 |
| 6. | കുട്ടികൾക്കുള്ള കത്ത് - 1 | 21 |
| 7. | കച്ചേരികാര്യം | 24 |
| 8. | മതബോധനം | 26 |
| 9. | സെമിനാരി വാർത്തകൾ | 29 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 30 |
| 11. | അൾത്താര സംഘം | 32 |
| 12. | ജീസസ് ഫ്രെട്ടേണിറ്റി | 32 |
| 13. | അൽഫോൻസ പാലിയേറ്റീവ് കെയർ | 33 |
| 14. | ജീസസ് യൂത്ത് | 34 |
| 15. | മദ്യവിരുദ്ധ സമിതി | 37 |
| 16. | മാതൃവേദി | 38 |
| 17. | അൽഫോൻസാ കോളേജ് | 38 |
| 18. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 41 |
| 19. | കെ.സി.വൈ.എം. | 42 |
| 20. | കുടുംബകൂട്ടായ്മ | 45 |
| 21. | എഫ്.എസ്.റ്റി. | 47 |
| 22. | കമ്മ്യൂണിക്കേഷൻ മീഡിയ | 48 |
| 23. | കേരള ലേബർ മൂവ്മെന്റ് | 49 |
| 24. | ഫാമിലി അപ്പോസ്റ്റലേറ്റ് | 51 |
| 25. | മരിയൻ പ്രോലൈഫ് | 52 |
| 26. | കരിസ്മാറ്റിക് നവീകരണം | 53 |
| 27. | യേശുവിന്റെ ജനനം (കവിത) | 56 |
| 28. | വിശുദ്ധനാട്ടിലേയ്ക്ക് തീർത്ഥ യാത്ര | 57 |
| 29. | എൽ.ഡി.എസ്. വാർത്തകൾ | 58 |
| 30 | വികസനവേദി | 58 |
| 31 | പ്രളയദുരിതാശ്വാസ ഭവന നിർമ്മാണ സഹായി | 61 |
| 32 | യേശുനിധി | 65 |
| 33 | അജപാലനക്കുറിപ്പുകൾ | 66 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukalayil Kuriakose | ,, | 20 |
| Moolayil John | ,, | 22 |
| Pottananickal Ephrem | ,, | 26 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukalayil Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | “ | 3 |
| Cheeramattathil Sebastian | ,, | 20 |
| Elamthuruthil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Kachappilly Davis CMI | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakatt Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pookulam Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |
| Valiaparambil Devasia | ,, | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2019

| | | |
|---|---|---|
| 01 | ചൊവ്വ | വർഷാരംഭം |
| 02 | ബുധൻ | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - കോടഞ്ചേരി |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ് |
| 03 | വ്യാഴം | **വി. ചാവറ കുര്യാക്കോസ്** |
| 04 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| | | കെ.സി.വൈ.എം.: റിസോഴ്സ് ടീം ക്യാമ്പ് (4-6) |
| 05 | ശനി | **ദനഹാത്തിരുനാൾ** |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം(5-10) |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - തിരുവമ്പാടി |
| 06 | ഞായർ | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് - ബാച്ച് 2 (11, 12 സെഷൻ) |
| 07 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (7-10) |
| 11 | വെള്ളി | വി. യോഹന്നാൻ മാംദാന |
| | | ജീസസ്സ് യൂത്ത്: ടീൻസ് കോൺഫറൻസ് (11-13) |
| 12 | ശനി | PBI: Class for Advanced Diploma Course in Theology |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - മരുതോങ്കര |
| 19 | ശനി | **വി. സെബാസ്ത്യാനോസ്** |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (19-24) |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - താമരശ്ശേരി |
| 20 | ഞായർ | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് - 13 സെഷൻ |
| 21 | തിങ്കൾ | ചരമദിനം: ഫാ. ജോസഫ് മൈലാടൂർ |
| | | **ജൂനിയർ ക്ലർജി സെമിനാർ** (21-23) |
| 24 | വ്യാഴം | വി. ഫ്രാൻസിസ് സാലസ് |
| 25 | വെള്ളി | **വി. പൗലോസിന്റെ മാനസാന്തരം** |
| | | കെ.സി.വൈ.എം.: റിസോഴ്സ് ടിം ക്യാമ്പ് (25-27) |
| 26 | ശനി | മിഷൻലീഗ്: മെഗാ ക്വിസ് |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | മതബോധനം: HCC വാർഷിക പരീക്ഷ |
| | | PBI: Theology Conference |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ - കോഴിക്കോട്, മലപ്പുറം |
| 28 | തിങ്കൾ | വി. തോമസ് അക്വിനാസ്,നവ വൈദിക സംഗമം രൂപതാഭവനിൽ |
| 29 | ചൊവ്വ | കൺസൾട്ടേഴ്സ് മീറ്റിംഗ് |
| 30 | ബുധൻ | ഫൊറോന വികാരിമാരുടെ മീറ്റിംഗ് |
| 31 | വ്യാഴം | **വി. ഡോൺ ബോസ്കോ** |

# കർഷകർ ഒരു കുടക്കീഴിൽ
# ഇൻഫാം കർഷകദിനം (ജനുവരി 15)

ഈശോയിൽ പ്രിയ സഹോദരങ്ങളെ,

എല്ലാവർഷവും ജനുവരി 15, കേരളസഭ 'കർഷകദിനമായി' ആചരിക്കുന്ന ദിവസമാണ്. കർഷകജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി രൂപം കൊണ്ട വലിയൊരു മുന്നേറ്റമാണ് 'ഇൻഫാം'. ഒരു പതിറ്റാണ്ടിലേറെയായി പല കർഷകസ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഇൻഫാമിനു സാധിച്ചു. ഇതിന്റെ പിന്നിൽ വലിയ പങ്കുവഹിക്കുന്നതോടൊപ്പം അക്ഷീണമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാവരെയും നന്ദിയോടോർക്കുന്നു.

ഇൻഫാമിന്റെ പ്രസക്തി വളരെ ശക്തമായി വർദ്ധിച്ചിരിക്കുന്ന ഒരു സമയമാണിത്. മാനവരാശിയുടെ നിലനില്പിനാധാരമായ കാർഷികവിഭവങ്ങളുടെ ഉദ്പാദനം ദൈവീകവേലയാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ജീവന്റെ ഭാഗമാണത്. ജലപ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളും, അഴിമതിയും, ചൂഷണവും, വിലത്തകർച്ചയും നിക്ഷിപ്ത താത്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകളും വിഭവങ്ങളുടെ പ്രാഥമിക ഉല്പാദകരായ കർഷകരെ അങ്ങേയറ്റം പ്രതിസന്ധിയിലാക്കി. വൻകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും താളത്തിനൊത്ത് തുള്ളുന്ന ഭരണകൂടനയം കൂടിയായപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. ഇതെല്ലാം കൂടിച്ചേരുമ്പോൾ സമ്പൂർണ്ണമായ അർത്ഥത്തിൽ കർഷകരോടുള്ള ചതി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കൃഷിയും കൃഷിയിടങ്ങളും മനുഷ്യന് പ്രതീക്ഷയും ആത്മസംതൃപ്തിയും സുരക്ഷിതത്വവും നല്കിയിരുന്നു എന്നാൽ ഇന്നിത് അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യമാണ്. ഈ കൃഷിയിടങ്ങളെ നോക്കി നെടുവീർപ്പെട്ടുകൊണ്ട് നിരാശയുടെ വക്കിൽ കർഷകൻ ആത്മഹത്യയിലേക്ക് തിരിയുന്നു. രാജ്യം മുഴുവൻ അലയടിച്ചുയരുന്ന കർഷകമുന്നേറ്റങ്ങൾ ഈ വസ്തുതക്ക് അടിവരയിടുന്നതാണ്.

കേരളത്തിൽ കർഷകനെ ഈ ദുരവസ്ഥയിലേക്കെത്തിച്ചത് പല ഘടകങ്ങളാണ്. കൃഷി ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കവും പട്ടയം കിട്ടാത്ത അവസ്ഥയും അതിൽ പ്രധാനമാണ്. അതുകൊണ്ട് സ്വന്തം അധ്വാനത്തിന്റെ ഫലം കണ്ട് അഭിമാനിക്കേണ്ട കർഷകമനസ് കള്ളനെപ്പോലെ നടക്കേണ്ട ദുരവസ്ഥയിലേക്കെത്തിച്ചേർന്നിരിക്കുന്നു. കാരണം ഭൂമിക്കുമേൽ ഇപ്പോഴുള്ള അവകാശങ്ങൾ കൂടി നഷ്ടപ്പെടാൻ പോകുന്നു. ഉള്ള പട്ടയത്തിന്മേൽ ഉപാധികൾ വയ്ക്കപ്പെടുന്നു. (ഗാഡ്ഗിൽ, കസ്തൂരിരംഗൻ). കൈവശമുള്ളതുപോലും അന്യാധീനപ്പെടുന്ന ദുരവസ്ഥയാണത്. ഉപാധിരഹിതപട്ടയമില്ലാത്തതിനാൽ ലോണോ സബ്സിഡികളോ ലഭിക്കാനുള്ള അർഹതയും നഷ്ടപ്പെടുന്നു. ജനപ്രതിനിധികളെയും കർഷകരെയും പോലും ഉൾക്കൊള്ളിക്കാതെ തയ്യാറാക്കിയ മാധവ ഗാഡ്ഗില്ലും, കസ്തൂരിരംഗൻ റിപ്പോർട്ടും എം.എസ് സ്വാമിനാഥൻ റിപ്പോർട്ടും എല്ലാം സമഗ്രമായ പഠനശേഷം തയ്യാറാക്കിയിരുന്നുവെങ്കിൽ കൂടുതൽ അനുയോജ്യമായേനെ.

ഇക്കാലത്തെ കാർഷികപ്രശ്നങ്ങൾ ചെറുതല്ല. വർഷങ്ങളുടെ ഈ തളർച്ച ഇന്ന് കർഷകനെ കൃഷിഭൂമി വിഭജിച്ച് വിൽക്കാൻ പ്രേരിപ്പിക്കുന്നു. കച്ചവടക്കണ്ണോടെ കർഷകഭൂമിയെ നോക്കുന്ന ലാൻഡ് മാഫിയകൾ മോഹവിലയും കൊടുത്ത് കർഷകഭൂമിയെ തുണ്ടംതുണ്ടമാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു ദുരിതം വിത്തിന്റെ അഭാവം ആണ്. ബഹുരാഷ്ട്രകമ്പനികളുടെ ഇടപെടലുകളും അവയ്ക്ക് തടയിടാൻ പര്യാപ്തമല്ലാത്ത സർക്കാർ നിലപാടുകളും കർഷകവിത്തിന്റെ പത്തായങ്ങളെ ശൂന്യമാക്കിയിരിക്കുന്നു. ജനിതകമാറ്റം വരുത്താത്ത സ്വന്തം വിത്തിനങ്ങൾ എന്ന കർഷകസ്വപ്നവും പൊലിഞ്ഞുപോയിരിക്കുന്നു. അതുപോലെതന്നെ പ്രാദേശിക സർക്കാരുകൾക്ക് വളങ്ങളുടെയും കീടനാശിനികളുടെയും നിർമ്മാണത്തിനുമേൽ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് വളങ്ങളുടെ ഉദ്പാദനം ബഹുരാഷ്ട്രകമ്പനികളുടെ കുത്തകയായി. ക്രമാതീതമായ രാസവസ്തുക്കളുടെ ഉപയോഗമാകട്ടെ മണ്ണിലെ സർവ്വപ്രകൃതിദത്ത ലവണങ്ങളും നശിച്ചുപോകുന്നതിന് കാരണമായി. അതുപോലെ തന്നെ ജലസേചനത്തിന്, പാഴായിപോകുന്ന ജലം തടയാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങളുമായി നാം ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഒപ്പം ജലം തകർത്തെറിഞ്ഞ പ്രളയത്തിന്റെ മുറിപ്പാടുകൾ മായിച്ച് ലോകജനതക്കുമുമ്പിൽ അതിജീവനത്തിന്റെ മാതൃക നൽകിയതിൽ നമുക്ക് അഭിമാനിക്കാം.

എക്കാലവും കർഷകരെ ദുരിതത്തിലാക്കുന്ന മറ്റൊരു പ്രധാനപ്രശ്നം ഉത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയാണ്. മറ്റു രാജ്യങ്ങൾ അവരുടെ കാർഷികവ്യവസായ ഉത്പന്നങ്ങൾക്ക് വിലയും താങ്ങുവിലയും നിശ്ചയിച്ച് കർഷകരിൽ എത്തിച്ചപ്പോൾ ഇന്ത്യക്കത് സാധിച്ചില്ല. തത്ഫലമായി വില നിശ്ചയിക്കുന്നത് ഇടനിലക്കാരും കുത്തകകമ്പനികളുമായി. സാമ്പത്തികമായ പരാധീനതമൂലം കിട്ടുന്ന വിലക്ക് തന്റെ ഉല്പന്നങ്ങൾ വിൽക്കാനും കർഷകൻ നിർബന്ധിതനാകുന്നു. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവഉത്പന്നങ്ങൾക്കുപോലും മാന്യമായ വില ലഭിക്കുന്നില്ല. റബർ ഉത്പാദനത്തിൽ ഇറക്കുമതി നിയന്ത്രിക്കാതെ കർഷകന് രക്ഷയുണ്ടാവില്ല. നിസാരമായ തുക ഡ്യൂട്ടി കൊടുത്ത് വലിയ ടയർ കമ്പനികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്യുന്നു. '50%' ഗവൺമെന്റ് സബ്സിഡി നല്കിക്കൊണ്ടിരുന്ന പല ഉത്പന്നങ്ങൾക്കും ഗാട്ട് കരാർ വന്നതോടുകൂടി 5% എന്ന നിലയായി. ഇതിനൊപ്പം തന്നെ എല്ലാ നാണ്യവിളകളുടെയും ഉല്പാദനച്ചിലവു കൂടിയതും കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. ഉല്പന്നത്തിനു വില നിശ്ചയിക്കുവാൻ കർഷകൻ കരുത്തുള്ളവനായെങ്കിലെ കൃഷി വിജയിക്കുകയുള്ളൂ.

അടുത്ത കാലത്തായി കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധി വന്യമൃഗങ്ങളുടെ ആക്രമണം ആണ്. ഇവയെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടിന്റെ പത്തിലൊന്ന് കർഷകരെ സംരക്ഷിക്കാൻ വേണ്ടി എടുത്തിരുന്നെങ്കിൽ കർഷികമേഖല എന്നേ രക്ഷപെട്ടേനെ. ഊണും ഉറക്കവുമില്ലാതെ താലോലിച്ചു വളർത്തിയ വിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുമ്പോൾ നിസഹായരായിത്തീരുകയാണ് കർഷകർ. മൃഗസ്നേഹത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരിൽ

നടത്തുന്ന കാപട്യങ്ങൾ തിരിച്ചറിഞ്ഞ് കർഷകന്റെ സ്വത്തും ജീവനും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പുതിയ നിയമനിർമ്മാണങ്ങൾ വരണം.

ഇന്നത്തെ കാർഷികമേഖലയിൽ ക്രിയാത്മകമായ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അതിൽ ഏറ്റവും കാതലായത് ശക്തമായ സംഘടനാപ്രവർത്തനങ്ങളാണ്. ജാതി - മത - രാഷ്ട്രീയ ഭേദമന്യേ 'കർഷകർ' എന്ന കുടക്കുകീഴിൽ വേണം നാം ഒന്നിക്കാൻ. ഗ്രാമതലങ്ങളിൽ കർഷകർ സംഘടിക്കണം. കർഷക ഉന്നമനം മാത്രം ലക്ഷ്യം വച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കണം. പരമ്പരാഗത കൃഷി രീതികൾക്കൊപ്പം നൂതനമായ കൃഷിരീതികളും അവലംബിക്കണം. ഗവണ്മെന്റ് ജോലിയിലോ ഓഫീസ് വർക്കിലോ മാത്രം സായൂജ്യം കാണാതെ കൃഷിയോട് താത്പര്യമുള്ള യുവജനങ്ങളുടെ ഒരു തലമുറയും വളർന്നുവരണം.

കുഞ്ഞുങ്ങളെ നാം ചെറുപ്പത്തിൽതന്നെ "മാനം മുട്ടെ വളരാനുള്ള" സ്വപ്നം കാണാൻ പഠിപ്പിക്കും. പക്ഷേ, വല്ലപ്പോഴുമൊക്കെ കൃഷിയിടങ്ങളിൽ കൂടെ കൊണ്ടുപോയി "മാനം മുട്ടെ" വളർന്നു നിൽക്കുന്ന മരങ്ങളെ കാണിച്ചുകൊടുക്കുകയും അങ്ങനെ വളരാനുള്ള ഒരു മരത്തെ നടാൻ പഠിപ്പിക്കുകയും ചെയ്താൽ കൃഷിയും മണ്ണിനെയും സ്നേഹിക്കുന്ന ഒരു തലമുറ ഇവിടെയുണ്ടാകും.

ഇൻഫാമിന്റെ ഓരോ മുന്നേറ്റങ്ങളും കർഷക കരങ്ങൾക്ക് കരുത്തേകുകയും കർഷകന്റെ സ്വപ്നങ്ങൾക്ക് മാറ്റ് കൂട്ടുകയുമാണ്. ഈ ഉദ്യമത്തിൽ ഇനിയും നാം സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കി മുന്നേറാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

**മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ കമ്മീഷൻ

NB: ഈ സർക്കുലർ 2019 ജനുവരി 13-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.



സർക്കുലർ 01/2019

# പാരിഷ് കൗൺസിൽ രൂപീകരണം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2016 ൽ നമ്മുടെ ഇടവകകളിൽ രൂപീകൃതമായ പാരിഷ് കൗൺസിലുകളുടെ മൂന്നു വർഷത്തെ കാലാവധി 2019 ൽ പൂർത്തിയാകുന്നതിനാൽ പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്കെഴുതുന്നത്. സഭയുടെ ഏറ്റവും അടിസ്ഥാന ഘടകങ്ങളായി നിൽക്കുന്നത് ഇടവകകളും ഇടവകകളിലെ കുടുംബകൂട്ടായ്മകളാണല്ലോ. 2016 മുതൽ നമ്മുടെ രൂപതയിൽ കുടുംബയൂണിറ്റുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് പാരിഷ് കൗൺസിൽ അംഗങ്ങളായി പ്രവർത്തിക്കുന്നത്. അതിനാൽ കുടുംബയൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും പാരിഷ് കൗൺസിൽ രൂപീകരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് വ്യക്തമാണല്ലോ. ഇത് സംബന്ധിച്ച ഏതാനും കാര്യങ്ങൾ അറിയിക്കുന്നതിന് ആഗ്രഹിക്കുന്നു.

ഒരു ഇടവകയുടെ ഭരണത്തിലും ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിലും ഇടവകയുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളിലും ഇടവകജനത്തിന് കൂട്ടുത്തരവാദിത്തം നൽകുന്ന സഭാപരമായ സംവിധാനങ്ങളാണ് പൊതുയോഗവും പാരിഷ് കൗൺസിൽ എന്നറിയപ്പെടുന്ന പ്രതിനിധിയോഗവും. ഇടവകയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനമായ കാര്യങ്ങൾ തീരുമാനിക്കുന്നതിനുവേണ്ടി വർഷത്തിലൊരിക്കലെങ്കിലും ഇടവക പൊതുയോഗം വിളിച്ചുകൂട്ടണമെന്ന് സഭാനിയമം നിഷ്കർഷിക്കുന്നു. അതേസമയം ഇടവകയുടെ ഭരണസംവിധാനത്തിൽ ഏറെ പ്രാധാന്യമുള്ള പ്രതിനിധിയോഗമാണ് ഇടവകയുടെ ഭരണകാര്യങ്ങളിൽ വികാരിയച്ചനെ സഹായിക്കുന്ന സമിതി. പൊതുയോഗത്തിന്റെ തീരുമാനം ആവശ്യമാണ് എന്ന് സഭാനിയമം നിശ്ചയിച്ചിരിക്കുന്ന അതീവ പ്രധാനപ്പെട്ട വിഷയങ്ങൾ ഒഴികെയുള്ള എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് പാരിഷ് കൗൺസിലാണ്.

ഇടവകയുടെ സാമ്പത്തിക കാര്യങ്ങൾ സുതാര്യവും കൃത്യവുമാക്കുന്നതിന് മാസംതോറും ചേരുന്ന പാരിഷ് കൗൺസിൽ യോഗത്തിൽ ഇടവകയുടെ ഓരോ മാസത്തെയും വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയും അത് യോഗം അംഗീകരിക്കുകയും ചെയ്യണം. അതുപോലെതന്നെ ഇടവകയുടെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമായ ചർച്ചകൾ നടക്കുന്നതും തീരുമാനമെടുക്കുന്നതിൽ വികാരിയച്ചനെ സഹായിക്കുന്നതും പാരിഷ് കൗൺസിലാണ്. നമ്മുടെ എല്ലാ ഇടവകകളിലും എല്ലാ മാസവും പാരിഷ് കൗൺസിൽ

യോഗം ചേരുകയും കണക്ക് അവതരിപ്പിക്കുകയും പ്രസക്തമായ കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്യേണ്ടതാണെന്നും ഇവയി ലെല്ലാം അംഗങ്ങൾ സജീവമായി പങ്കെടുക്കേണ്ടതാണെന്നും ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചനും നടത്തുകൈക്കാരനും പാരിഷ് സെക്രട്ടറിയും ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

കുടുംബകൂട്ടായ്മകൾ നമ്മുടെ എല്ലാ ഇടവകകളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട് എന്നതിൽ സന്തോഷമുണ്ട്. ബഹുഭൂരിപക്ഷം ഇടവകകളിലും കുടുംബയൂണിറ്റ് സമ്മേളനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. ചില ഇടവകകളിൽ ഈ സമ്മേളനങ്ങൾ മുടക്കം വരാതെ നടത്തുന്നതിൽ വീഴ്ചവരുന്നുണ്ട് എന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇടവകയുടെ വിവിധ സംരംഭങ്ങൾക്ക് ഊർജ്ജം പകരുന്നത് കുടുംബകൂട്ടായ്മകളുടെ സജീവമായ പ്രവർത്തനമാണ്. പാരിഷ് കൗൺസിൽ എടുത്തിരിക്കുന്ന തീരുമാനങ്ങളോ ചർച്ച ചെയ്ത കാര്യങ്ങളോ അറിയുന്നതിന് കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ സാഹചര്യം ഒരുങ്ങുന്നു. പ്രസക്തമായ ചില വിഷയങ്ങളിൽ കുടുംബകൂട്ടായ്മകളുടെ അഭിപ്രായം പ്രതിനിധികളിലൂടെ അറിയിക്കുന്നതുവഴി പാരിഷ് കൗൺസിലിൽ നടക്കുന്ന ചർച്ചകൾ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കുന്നതാണ്. അതിനാൽ കുടുംബയൂണിറ്റ് സമ്മേളനങ്ങൾ പ്രാർത്ഥനാകൂട്ടായ്മയായി മാത്രം കാണാതെ ഇടവകയുടെ വളർച്ചയ്ക്കും ഇടവകാംഗങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾക്കും സംഭാവന ചെയ്യാൻ കഴിയുന്ന പങ്കാളിത്ത സംവിധാനമായി കണക്കാക്കേണ്ടതുണ്ട്. ഇടവക തലത്തിലുള്ള എല്ലാ പദ്ധതികളും ഓരോ കുടുംബയൂണിറ്റിലും നടപ്പിലാക്കുക, ഇടവകയുടെ പൊതുസംരംഭങ്ങളിലുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക, കുടുംബങ്ങൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക, സംഘടനകളെ ശക്തിപ്പെടുത്തുക, സഭാപരമായ പ്രസിദ്ധീകരണങ്ങൾ വരുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക, വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും പഠനവിഷയമാക്കുക എന്നിങ്ങനെ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനുള്ള വേദിയാണ് കുടുംബയൂണിറ്റ് സമ്മേളനങ്ങൾ.

പാരിഷ് കൗൺസിലും കുടുംബയൂണിറ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ടവരുടെ സജീവമായ സഹകരണം ആവശ്യമാണ്. കുടുംബയൂണിറ്റ് ഭാരവാഹികളാണ് പാരിഷ് കൗൺസിൽ അംഗങ്ങൾ എന്ന നമ്മുടെ സംവിധാനത്തിന്റെ കാര്യക്ഷമത ആശ്രയിച്ചിരിക്കുന്നത് നേതൃപാടവമുള്ള ഉദാരമതികളായ സഭാസ്നേഹമുള്ള വ്യക്തികൾ ഈ രംഗത്തേക്ക് കടന്നുവരുമ്പോഴാണ്. സമൂഹത്തെ നയിക്കുന്നതിന് കഴിവും പ്രാപ്തിയും സാഹചര്യവുമുള്ളവർ കുടുംബകൂട്ടായ്മകൾ ആവശ്യപ്പെടുമ്പോൾ സേവനമനോഭാവത്തോടെ നേതൃത്വം ഏറ്റെടുക്കണം. ഇങ്ങനെയുള്ള വ്യക്തികൾ പാരിഷ് കൗൺസിലുകളിൽ എത്തുമ്പോഴാണ് ഇടവകാസമൂഹത്തെ നന്മയിലും

സാഹോദര്യത്തിലും കൂട്ടായ്മയിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിവുള്ള അത്മായ നേതൃത്വം ഇടവകയിൽ രൂപപ്പെടുന്നത്. കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ താൽപ്പര്യത്തോടെ കൃത്യമായി പങ്കെടുക്കാത്ത ഭാരവാഹികളുള്ള കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം മന്ദഗതിയിലായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അതുപോലെ തന്നെ പാരിഷ് കൗൺസിൽ യോഗങ്ങളിൽ ഉത്തരവാദിത്തത്തോടെ പങ്കെടുക്കാത്ത അംഗങ്ങളും പാരിഷ് കൗൺസിലിന്റെ ദൗത്യത്തെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന കുടുംബകൂട്ടായ്മകളും നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരും ഇക്കാര്യങ്ങൾ ഒരേപോലെ മനസ്സിൽ സൂക്ഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പാരിഷ് കൗൺസിൽ രൂപീകരണത്തിന്റെ ആദ്യപടിയായി നമ്മൾ ചെയ്യേണ്ടത് എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മകളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുക എന്നതാണ്. ഈ സർക്കുലർ പള്ളികളിൽ വായിക്കുന്ന 2019 ജനുവരി 20 നും മാർച്ച് 15 നും ഇടയിൽ അടുത്ത 3 വർഷത്തേക്കുള്ള കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്. കുടുംബയൂണിറ്റ് ലീഡേഴ്സായി വരുന്നവർ അടുപ്പിച്ച് രണ്ട് തവണ, അതായത് 6 വർഷത്തിൽ കൂടുതൽ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുവാൻ പാടില്ല. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മൂന്നു തവണ ഒരു വ്യക്തിക്ക് തെരഞ്ഞെടുപ്പിലൂടെ നേതൃസ്ഥാനത്ത് തുടരണമെങ്കിൽ രൂപതാകാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം.

ഇടവകയിൽ കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതോടെ പാരിഷ് കൗൺസിൽ രൂപീകരണത്തിനുള്ളപാരിഷ് കൗൺസിലും കുടുംബയൂണിറ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ടവരുടെ സജീവമായ സഹകരണം ആവശ്യമാണ്. കുടുംബയൂണിറ്റ് ഭാരവാഹികളാണ് പാരിഷ് കൗൺസിൽ അംഗങ്ങൾ എന്ന നമ്മുടെ സംവിധാനത്തിന്റെ കാര്യക്ഷമത ആശ്രയിച്ചിരിക്കുന്നത് നേതൃപാടവമുള്ള ഉദാരമതികളായ സഭാസ്നേഹമുള്ള വ്യക്തികൾ ഈ രംഗത്തേക്ക് കടന്നുവരുമ്പോഴാണ്. സമൂഹത്തെ നയിക്കുന്നതിന് കഴിവും പ്രാപ്തിയും സാഹചര്യവുമുള്ളവർ കുടുംബകൂട്ടായ്മകൾ ആവശ്യപ്പെടുമ്പോൾ സേവനമനോഭാവത്തോടെ നേതൃത്വം ഏറ്റെടുക്കണം. ഇങ്ങനെയുള്ള വ്യക്തികൾ പാരിഷ് കൗൺസിലുകളിൽ എത്തുമ്പോഴാണ് ഇടവകാസമൂഹത്തെ നന്മയിലും സാഹോദര്യത്തിലും കൂട്ടായ്മയിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിവുള്ള അത്മായ നേതൃത്വം ഇടവകയിൽ രൂപപ്പെടുന്നത്. കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ താൽപ്പര്യത്തോടെ കൃത്യമായി പങ്കെടുക്കാത്ത ഭാരവാഹികളുള്ള കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം മന്ദഗതിയിലായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അതുപോലെ തന്നെ പാരിഷ് കൗൺസിൽ യോഗങ്ങളിൽ ഉത്തരവാദിത്തത്തോടെ പങ്കെടുക്കാത്ത അംഗങ്ങളും പാരിഷ് കൗൺസിലിന്റെ ദൗത്യത്തെ

ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന കുടുംബകൂട്ടായ്മകളും നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരും ഇക്കാര്യങ്ങൾ ഒരേപോലെ മനസ്സിൽ സൂക്ഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പാരിഷ് കൗൺസിൽ രൂപീകരണത്തിന്റെ ആദ്യപടിയായി നമ്മൾ ചെയ്യേണ്ടേത് എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മകളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുക എന്നതാണ്. ഈ സർക്കുലർ പള്ളികളിൽ വായിക്കുന്ന 2019 ജനുവരി 20 നും മാർച്ച് 15 നും ഇടയിൽ അടുത്ത 3 വർഷത്തേക്കുള്ള കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്. കുടുംബയൂണിറ്റ് ലീഡേഴ്സായി വരുന്നവർ അടുപ്പിച്ച് രണ്ട് തവണ, അതായത് 6 വർഷത്തിൽ കൂടുതൽ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുവാൻ പാടില്ല. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മൂന്നു തവണ ഒരു വ്യക്തിക്ക് തെരഞ്ഞെടുപ്പിലൂടെ നേതൃസ്ഥാനത്ത് തുടരണമെങ്കിൽ രൂപതാകാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം.

ഇടവകയിൽ കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതോടെ പാരിഷ് കൗൺസിൽ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിക്കണം. ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളോടൊപ്പം രൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പാലിക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടും സെക്രട്ടറിയും ആ കുടുംബകൂട്ടായ്മയുടെ പ്രതിനിധികളായി പാരിഷ് കൗൺസിൽ അംഗങ്ങളാകുന്നു. കുടുതൽ കുടുംബങ്ങളുള്ള ഇടവകകളിൽ 2016-ൽ സ്വീകരിച്ച രീതിയിലാണ് പാരിഷ് കൗൺസിൽ രൂപീകരണം നടത്തേണ്ടത്. നാൽപ്പതും അതിൽ അധികവും കുടുംബയൂണിറ്റുകൾ ഉള്ള ഇടവകകളിൽ, ഒരു യൂണിറ്റിൽ നിന്ന് ഒരു പ്രതിനിധി മാത്രമാണ് പാരിഷ് കൗൺസിലിന്റെ അംഗമാകുന്നത്. ഈ സാഹചര്യത്തിൽ,കുടുംബയൂണിറ്റുകൾക്ക് കൊടുത്തിരിക്കുന്ന ക്രമനമ്പർ അനുസരിച്ച് ഒറ്റയക്കത്തിലുള്ള യൂണിറ്റുകളുടെ പ്രസിഡണ്ടുമാരും, ഇരട്ടയക്കത്തിലുള്ള യൂണിറ്റുകളുടെ സെക്രട്ടറിമാരും പാരിഷ് കൗൺസിൽ അംഗങ്ങളാകും.

നമ്മുടെ ഇടവകകളിൽ നിലവിലുള്ള പാരിഷ് സെക്രട്ടറിയാണ് പാരിഷ് കൗൺസിലിന്റെയും പൊതുയോഗത്തിന്റെയും മിനിറ്റ്സും റിപ്പോർട്ടും എഴുതി സൂക്ഷിക്കേണ്ടത്. ചില ഇടവകകളിൽ അക്കൗണ്ടന്റുമാരാണ് ഇക്കാര്യം ചെയ്തുവരുന്നത്. ഇനി മുതൽ എല്ലാ ഇടവകകളിലും ഇത് പാരിഷ് സെക്രട്ടറിയുടെ ഉത്തരവാദിത്തമായിരിക്കും. പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കുമ്പോൾ ബഹു. വികാരിയച്ചന്മാർക്ക് നിലവിലുള്ള പാരിഷ് സെക്രട്ടറിയെ നിലനിർത്തുന്നതിനോ ആവശ്യമെങ്കിൽ പുതിയ പാരിഷ് സെക്രട്ടറിയെ നിയമിക്കുന്നതിനോ അവകാശമുണ്ടായിരിക്കും. പാരിഷ് സെക്രട്ടറിമാർ ഇടവകകളിൽ സജീവമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കണം. കൈക്കാരന്മാരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും പൂർണ്ണമായി നിലനിർത്തിക്കൊണ്ട് ഇടവകയുടെ പൊതുവായ കാര്യങ്ങളിൽ ബഹു. വികാ

രിയച്ചനെയും കൈക്കാരന്മാരെയും സഹായിക്കുന്നതിനും, ഇടവകയിൽ നടക്കുന്ന വിവിധ പരിപാടികൾ ഭംഗിയായി നടത്തുന്നതിന് നേതൃത്വമെടുക്കുകയും ചെയ്യുക എന്നതും സെക്രട്ടറിയുടെ ഉത്തരവാദിത്തമായിരിക്കും. തീരുമാനങ്ങൾ എടുക്കുക എന്നതിനെക്കാൾ, വിവിധ തലങ്ങളിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സഹായിക്കുന്ന രീതിയിലുള്ള പ്രവർത്തനമായിരിക്കും സെക്രട്ടറിയുടെത്.

ഇടവക തലത്തിലുള്ള കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതനുസരിച്ച് പാരിഷ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ബഹു. വികാരിയച്ചന്മാർ സ്വീകരിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട കുടുംബയൂണിറ്റ് പ്രതിനിധികളെ കൂടാതെ, രൂപത നിയമാവലിയിൽ (പേജ് 124-126) പറയുന്നതനുസരിച്ച്, പ്രതിനിധിയോഗത്തിൽ ഉൾപ്പെടുത്തേണ്ടവരെ തെരഞ്ഞെടുക്കുകയും നാമനിർദ്ദേശം ചെയ്യുകയും ചെയ്തുകൊണ്ട് പാരിഷ് കൗൺസിൽ രൂപീകരണം പൂർത്തിയാക്കണം. 2019 മാർച്ച് 30-ാം തിയതിക്കു മുമ്പ് പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് രൂപതാകാര്യാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. രൂപതാകാര്യാലയത്തിൽ നിന്ന് പാരിഷ് കൗൺസിൽ അംഗങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള കൽപ്പന ലഭിക്കുന്നതോടെയാണ് പാരിഷ് കൗൺസിൽ ഔദ്യോഗികമായി നിലവിൽ വരുന്നത്. അതിനുശേഷം ഏറ്റവും അടുത്ത ഞായറാഴ്ച പുതിയ പാരിഷ്കൗൺസിൽ അംഗങ്ങൾ ദൈവാല യത്തിൽ വി.കുർബാനയോടു ചേർന്ന് സത്യപ്രതിജ്ഞ ചെയ്തതിനു ശേഷമാണ് ആദ്യയോഗം ചേരേണ്ടത്.

കുടുംബയൂണിറ്റുകളിലുള്ള തെരഞ്ഞെടുപ്പ് നിർദ്ദേശിക്കപ്പെട്ട സമയത്തു തന്നെ നടത്തുവാനും നിയമാനുസൃതം പാരിഷ് കൗൺസിൽ രൂപീകരിക്കുവാനും ആവശ്യമായ നടപടികൾ ബഹു. വികാരിയച്ചന്മാർ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചന്മാരോട് ചേർന്ന് സഹകരിക്കുവാനും ഇടവകയുടെയും രൂപതയുടെയും പൊതുനന്മ ലക്ഷ്യമാക്കി ഉദാരതയോടെ പ്രവർത്തിക്കുവാനും ഏവരെയും ആഹ്വാനം ചെയ്യുന്നു. പാരിഷ് കൗൺസിലും കുടുംബകൂട്ടായ്മകളും സജീവമായി പ്രവർത്തിക്കുന്നതുവഴി ആദിമ സഭാസമൂഹത്തിന്റെ സാഹോദര്യവും പങ്കുവയ്ക്കലും നമ്മുടെ ഇടവകകളുടെ ജീവിതാനുഭവമായി മാറട്ടെ എന്ന് ആശംസിച്ചുകൊണ്ടും നിങ്ങളെയെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 2019 ജനുവരി 20-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ

# 52-ാം ലോകസമാധാനദിനാചരണം ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം 1 ജനുവരി 2019

## നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത്

### 1. ഈ ഭവനത്തിനു സമാധാനം

യേശു തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും" (ലൂക്കാ 10:56).

ക്രിസ്തു ശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! യേശു പിറന്ന 'വീട്' നാനാത്വവും ചരിത്രവൈവിധ്യവും പേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭൂഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത് വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ 'പൊതുഭവനനമായ ലോകം കൂടിയാണത്. അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്: "ഈ വീടിന് സമാധാനം!"

### 2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം.[2] അക്രമത്തിന്റെ കല്ലുനിറഞ്ഞ ഭൂമിയിൽ വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തിലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദനത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം.

യേശു നമ്മോട് ഇങ്ങനെ പറയുന്നു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം" (മർക്കോ 9:35). പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ "രാഷ്ട്രീയത്തെ അതിന്റെ എല്ലാതലങ്ങളിലും - പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും - ഗൗര

വത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ."[3] തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തികളുടെ സ്വാതന്ത്ര്യത്തോടും മഹത്ത്വത്തോടുമുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായിമാറും.

### 3. പരസ്നേഹവും മാനുഷിക സദ്ഗുണങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം.

ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ ('പോളീസ്') തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു... പരസ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനുഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രികമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹായകമാകും. മനുഷ്യകുടംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ."[4] മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനിറുത്തുന്ന നീതി, സമത്വം, പരസ്പരബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ മാനുഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതുസംസ്കാരവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രാമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദിനാളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദേശിച്ച 'രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ' ഓർമിക്കുന്നത് സഹായകരമായിരിക്കും. 2002-ൽ അന്തരിച്ച വിശ്വസ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്: തന്റെ ധർമത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മറ്റു

ള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ![5]

ഓരോ തെരഞ്ഞെടുപ്പും വീണ്ടും തെരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലേക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരുകാര്യം തീർച്ചയാണ്: നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന–ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

### 4. രാഷ്ട്രീയമായ ദുർഗുണങ്ങൾ

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗുണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു; പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു: പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം, അവകാശ ലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം, ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതീകരിക്കൽ, അധികാരം വിട്ടുകൊടുക്കാൻ വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം,, വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടിച്ചേർക്കണം.

### 5. നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു.

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു. കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു. 'നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു' എന്ന ഒരു ഉറപ്പുനല്കലായി അതു

പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. "നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. (cf ഉത്പ 4: 1 ff) മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും."[6]

പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ചെയ്യാൻ ഓരോ വ്യക്തിക്കും കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും ബന്ധസംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോളാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. ആഗോളവ്യാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയതാവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി "സമാധാനശില്പികളെ" ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവപിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

### 6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു. ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കും സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥാനം അന്വേഷിക്കും.

എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായ രാഷ്ട്രീയപ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള – അവരുടെ പശ്ചാത്തലം ഏതായാലും – ആദരത്തിലും നിയമത്തോടും പൊതു നന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്.

സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്ന കുട്ടികളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തിട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലിലാക്കിയിട്ടില്ലെങ്കിലും ഇതുതന്നെയാണ് അവസ്ഥ! അവരെയും അവരുടെ മഹത്ത്വത്തെയും പരിരക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അമൂല്യമായിരിക്കും.

**7. മഹത്തായ ഒരു സമാധാന പദ്ധതി**

മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം നാം ഈ ദിവസങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാം ലോക മഹായുദ്ധാനന്തരമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ നിരീക്ഷണം നമുക്ക് ഓർമ്മിക്കാം: "സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണത്തിലേക്ക് അവനെ നയിക്കാതിരിക്കരുത്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് ആ അവകാശങ്ങളെ നിറവേറ്റുകയെന്ന കടമകൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്വത്തിന്റേതാണ്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നതിൽ മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്"[7]

ഫലത്തിൽ മനുഷ്യരുടെ പരസ്പര ഉത്തരവാദിത്വത്തിലും പരസ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫലമാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്. അതാകട്ടെ എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തിന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവുമാണ്. അതിന് വേർതിരിക്കാനാവാത്ത മൂന്നു വശങ്ങളുണ്ട്:

മയമില്ലായ്മയെയും കോപത്തെയും  ക്ഷമയില്ലായ്മയെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടു തന്നെ സമാധാനത്തിലായിരിക്കൽ. വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ "മറ്റുള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന്" തന്നോടു തന്നെ "അല്പം മാധുര്യമുള്ളവനായിരിക്കുക"

മറ്റുള്ളവരുമായി, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അപരിചിതർ, ദരിദ്രരും പീഡിതരുമായവർ എന്നിവരുമായി, സമാധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാതെയും അവർക്കു പറയാനുള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യുക.

എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവികദാനത്തിന്റെ മഹത്ത്വം വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെ വീണ്ടും കണ്ടെത്തണം.

മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്.. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്തനമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആലപിക്കപ്പെട്ടതാണ്. “അവിടത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി...... നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ” (ലൂക്ക 1: 50–55)

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018
ഫ്രാൻസിസ് മാർപാപ്പ



കുട്ടികൾക്കുള്ള കത്ത് 1/2019

# പ്രതിസന്ധികളിൽ തളരാതെ

ഏറ്റവും വാത്സ്യല്യമുള്ള കുഞ്ഞുങ്ങളേ,

പുതുവർഷത്തിന്റെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഉണ്ണിയേശുവിന്റെ ജനനത്തിരുനാൾ, ക്രിസ്തുമസ്സ്, എല്ലാവരും നന്നായി ആഘോഷിച്ചു എന്നു കരുതുന്നു. നോമ്പുകാല ത്യാഗപ്രവർത്തികൾ, നക്ഷത്രവിളക്ക്, പുൽക്കൂട്, ക്രിസ്തുമസ്സ് കരോൾ, പാതിര കുർബ്ബാന, കുടുംബാഗങ്ങളോടും പ്രിയപ്പെട്ടവരോടുമുള്ള ഒത്തുചേരൽ: അങ്ങനെ ഒട്ടേറെ മധുരകരമായ നിമിഷങ്ങൾ സമ്മാനിച്ച് ക്രിസ്തുമസ്സ് കടന്നുപോയി. ദൈവത്തിന് നന്ദി പറയാം.

അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ, നൊമ്പരപ്പെടുത്തുന്ന ഓർമ്മകൾ സമ്മാനിച്ചാണ് 2018 അവസാനിച്ചത്. നമ്മെ ഭയപ്പെടുത്തിയ ഭീകരമായ നിപ്പ വൈറസിന്റെ ആക്രമണം, നൂറുകണക്ക് ആളുകളുടെ ജീവൻ കവർന്ന്, ആയിരങ്ങളെ നിരാരംബരാക്കിയ വെള്ളപൊക്കം എന്നിവ നമുക്ക് മറക്കാൻ കഴിയില്ല. ധാരാളം നല്ല അനുഭവങ്ങളും ഈ വർഷം നമുക്ക് തന്നു. ദുഃഖങ്ങൾക്കും നന്മകൾക്കും ദൈവത്തിന് നന്ദി പറയാം. ദൈവം സ്നേഹിക്കുന്നവർക്ക് എല്ലാം നന്മക്കായി പരിണമിക്കും എന്ന് റോമാക്കാർക്ക് എഴുതിയ ലേഖനം 8–ാം അദ്ധ്യായം 28–ാം വാക്യത്തിൽ വി. പൗലോസ് ശ്ലീഹ നമ്മെ പഠിപ്പിക്കുന്നുണ്ട്. സങ്കടങ്ങളും സന്തോഷങ്ങളും ദൈവം നമുക്കു തരുന്നു. എല്ലാറ്റിനും നമുക്ക് ദൈവത്തിനു നന്ദി പറയാം.

2019 നന്മ നിറഞ്ഞതാകട്ടെ എന്നാശംസിക്കുന്നു. കഴിഞ്ഞ വർഷത്തെ പ്രവർത്തങ്ങൾ വിലയിരുത്തി, എവിടെയാണോ കുറവുള്ളത് എന്ന് കണ്ടെത്തി അതു പരിഹരിച്ച് ശ്രദ്ധയോടെ നമുക്കു മുന്നോട്ടു പോകാം. നല്ല ഉറച്ച തീരുമാനങ്ങളെടുക്കാം. ഒരു പുതിയ സൃഷ്ടിയാവുക എന്നതാണ് പരമ പ്രധാനം എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം ഹൃദയത്തോടു ചേർക്കാം.

ഇത്തവണ, ഞാൻ നിങ്ങളെപ്പോലെയുള്ള രണ്ടു ചെറുപ്പക്കാരുടെ കാര്യമാണ് പങ്കുവയ്ക്കുന്നത്. 2018 ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച നാദിയ മുറാദ് ബസി താഹയെക്കുറിച്ച് ആദ്യം പറയാം. 1993 ൽ ഒരു കൃഷിക്കാരന്റെ മകളായി ഇറാക്കിലെ 600 പേർ മാത്രമുള്ള ഒരു കൊച്ചു ഗ്രാമത്തിലാണ് യസീദി വംശജയായ നാദിയ ജനിച്ചുവളർന്നത്. അവളുടെ പത്തൊമ്പതാമത്തെ വയസ്സിൽ 2014 ൽ ഐ സ് തീവ്രവാദികൾ ആ ഗ്രാമം ആക്രമിക്കുകയും അവളെ തടവിലാക്കുകയും ചെയ്തു. തുടർന്ന് അവളെ ഒരു വീട്ടിൽ പാർപ്പിച്ച് തീവ്രവാദികൾ നിരവധിതവണ ശാരീരികമായും മാനസികമായും പീഡിപ്പിച്ചു. ഏകദേശം രണ്ടുമാസം കഴിഞ്ഞപ്പോൾ ദൈവാനുഗ്രഹത്താൽ ഒരു ദിവസം

തീവ്രവാദികൾ പുറത്തുപോയപ്പോൾ വീട് പൂട്ടാൻ മറന്നുപോയി. ആ തക്കം നോക്കി നാദിയ അടുത്ത വീട്ടിൽ അഭയം തേടി. നല്ലവരായ ആ കുടുംബാഗങ്ങൾ വളരെ രഹസ്യമായി അവളെ അഭയാർത്ഥി ക്യാമ്പിൽ എത്തിച്ചു. പിന്നീട് ജർമ്മൻ സർക്കാർ അവൾക്ക് അഭയം നൽകി.

വേദനകൾക്ക് നടുവിൽ നാദിയ തളർന്നോ? ഇല്ല. തന്റെ കദനകഥ വിവരിച്ചുകൊണ്ട് അവൾ ഒരു പുസ്തകം തയ്യാറാക്കി. 'അവസാനത്തെ പെൺകുട്ടി' എന്നാണ് ആ പുസ്തകത്തിന്റെ പേര്. ഇനിയൊരു പെൺകുട്ടിക്കും തനിക്കു നേരിടേണ്ടി വന്ന അനുഭവങ്ങൾ ഉണ്ടാകരുത് എന്നാണ് പുസ്തകം വിളിച്ചുപറയുന്നത്. യു. എൻ. ഒ നാദിയയെ അടിമകളാക്കപ്പെടുന്നവരുടെ അംബാസിഡറായി നിയമിച്ചു. 2017 ൽ നാദിയ വത്തിക്കാനിലെത്തി മാർപാപ്പയെകണ്ട് അനുഗ്രഹം വാങ്ങി. തകർച്ചയിലും തളരാതെ തകർന്നവരെ താങ്ങുവാനുള്ള നന്മ നിറഞ്ഞ മനസ്സിനെ ലോകം ആദരിച്ചു.അകക്കാമ്പിലെ പ്രാതൃാശയുടെ അവസാനത്തെ കിരണങ്ങളും കെട്ടുപോകുന്ന കഠിനയാതനയിൽ നിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കുന്ന നാദിയ നമുക്കും ആത്മധൈര്യം നൽകുന്നില്ലേ. പ്രതിസന്ധികളിൽ തളരരുത്. ദൈവം നമ്മുടെ പക്ഷത്തുണ്ട്.

രണ്ടാമത്തേത്, ചെയ്യാത്ത തെറ്റിന് ഒറ്റപ്പെടുത്തപ്പെട്ട ഒരു കുട്ടിയുടെ കഥയാണ്. ഇത് നമ്മുടെ കണ്ണുതുറപ്പിക്കണം. റിയാൻ വൈറ്റ് 1990 ഏപ്രിൽ 8 ന് മരിച്ചപ്പോൾ അവന് വെറും 18 വസസ്സ് പ്രായം. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തത് 1500 പേർ. മൈക്കൽ ജാക്സണും, ബാർബര ബുഷും അക്കൂട്ടത്തിൽ പെടുന്നു. ആരാണ് റിയാൻ? അമേരിക്കയിലെ ഇൻഡ്യാനയിലെ കേക്കൊമോ എന്ന പ്രദേശത്ത് 1971 ലാണ് ജനിച്ചത് മൂന്നാമത്തെ വയസ്സിൽ ഹീമോഫീലിയ എന്ന രോഗം അവനിൽ ഉണ്ടെന്ന് കണ്ടുപിടിച്ചു. ചികിത്സയുടെ ഭാഗമായി രക്തം സ്ഥീകരിക്കേണ്ടിവന്നു. 14-ാം മത്തെ വയസ്സിൽ ന്യൂമോണിയാ പിടിച്ചതിനെതുടർന്ന് ആശുപത്രിയിൽ പ്രവേശിച്ചപ്പോഴാണ് ഞെട്ടിപ്പിക്കുന്ന സത്യം തിരിച്ചറിഞ്ഞത്. റിയാന് എയ്ഡ്സ് രോഗമാണ്. രക്തസ്വീകരണം വഴി അവനറിയാതെ എയ്ഡ്സ് ആ ബാലനിൽ പ്രവേശിച്ചു.

രോഗത്തെക്കാൾ ആ കുടുംബത്തെ വേദനിപ്പിച്ചിച്ചത് സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലായിരുന്നു. രോഗബാധിതനാണെന്ന് അറിഞ്ഞതോടെ സ്കൂൾ പ്രവേശനം നിഷേധിച്ചു. എല്ലാവരുടെയും ഭയത്തോടും വെറുപ്പോടെയുമുള്ള സമീപനം. ഭക്ഷണം കഴിക്കാൻ പ്രത്യേക പാത്രങ്ങൾ. ഉപയോഗിക്കാൻ പ്രത്യേക ബാത്ത്റൂം. ജീവനുനേരെ പലതവണ ഭീഷണി. ഈ സമയത്തിനുള്ളിൽ അമേരിക്കയിൽ മാത്രമല്ല അന്താരാഷ്ട്ര തലങ്ങളിലും റിയാൻ പത്രവാർത്തകളിൽ നിറഞ്ഞു. കോടതികളിൽ നിരവധി നിയമ പോരാട്ടങ്ങൾക്ക് വഴി തുറന്നു. എയ്ഡ്സ് എന്ന രോഗത്തിനെതിരെ പ്രവർത്തിക്കുന്ന സംഘടനകൾ റിയാന്റെ ഫോട്ടോ പ്രയോജനപ്പെടുത്തി. റിയാൻ എയ്ഡ്സ് വിരുദ്ധ പ്രവർത്തനങ്ങളുടെ ബ്രാൻഡ് അംബാസിഡ റായി. 1984 ൽ റിയാന്റെ ജീവിതകഥ കേന്ദ്രമാക്കി ഒരു സിനിമയും പുറത്തിറങ്ങി.

നാദിയായും റിയാനും നമ്മുടെ ഇടയിലുമുണ്ട്. അവരെ നാം ഒറ്റപ്പെ ടുത്തരുത്;

പ്രത്യേകിച്ച് അവർ ചെയ്യാത്ത തെറ്റിന്. എല്ലാവരോടും അനു കമ്പയോടും സ്നേഹത്തോടും കൂടി നാം പെരുമാറണം. പ്രതിസന്ധിക ളിലും പ്രശ്നങ്ങളിലും ആത്മവിശ്വാസം നഷ്ടപ്പെടുത്തരുത്.

ഇനി പരിക്ഷയ്ക്ക് തയ്യാറെടുക്കുവാനുള്ള സമയമാണ്. ആഘോ ഷങ്ങൾ നമുക്കു കുറക്കാം. ഏകാഗ്രത നഷ്ടപ്പെടുത്തുന്ന എല്ലാറ്റിനെയും ദൂരെ നിർത്താം. അമിതമായ വിനോദം, ടി. വി. കാണൽ, ഇന്റർനെറ്റിന്റെ ഉപ യോഗം മുതലായവ എല്ലാം ഇനി പരീക്ഷ കഴിഞ്ഞിട്ട് മതി. വി. മർക്കോസ് 11:24 മനപാഠമാക്കണം, ആവർത്തിക്കണം. ''അതിനാൽ ഞാൻ പറയുന്നു; പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: ഈ കത്ത് സൗകര്യപ്രദമായ ഒരു ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം കുട്ടികൾക്ക് വായിച്ചുകൊടുക്കേണ്ടതാണ്.



# കച്ചേരിക്കാര്യം

### 1. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2019 ജനുവരി 6 മുതൽ 12-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിത വാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടുവാനും ഉതകുന്ന രീതിയിൽ പരിപാടികൾ ക്രമീകരിക്കേണ്ടതാണ്.

2019 ജനുവരി 13-ാം തീയതി സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി വി. കുർബാനമദ്ധ്യേ പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കേണ്ടതാണ്. സഭയുടെ മിഷൻ ഓഫീസിലേയ്ക്ക് നൽകുന്നതിനായി രൂപതാകേന്ദ്രത്തിൽ താമസം കൂടാതെ ഈ തുക ഏൽപ്പിക്കേണ്ടതുമാണ്.

### 2. സഭൈക്യവാരം

2019 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് ഈ ആഴ്ചയിൽ പ്രത്യേകം പ്രാർത്ഥിക്കാൻ ദൈവജനത്തെ ബഹു. വികാരിച്ചന്മാർ ഓർമ്മിപ്പിക്കേണ്ടതാണ്.

### 3. ജൂനിയർ ക്ലർജി സെമിനാർ

ഈ വർഷത്തെ ജൂനിയർ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് നടത്തുന്നു. 2019 ജനുവരി 21-ാം തീയതി വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 23-ാം തീയതി രാത്രി അത്താഴത്തോടെ സമാപിക്കുന്നതാണ്. 2018 ഡിസംബർ ലക്കം താമരമൊട്ടുകളിൽ പേര് നൽകിയിട്ടുള്ള ബഹു. വൈദികർ എല്ലാവരും സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

### 4. പ്രസ്ബിറ്ററൽ കൗൺസിൽ

താമരശ്ശേരി രൂപതയുടെ പത്താമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് സമ്മേളനം 2019 ഫെബ്രുവരി 19 ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ നടത്തപ്പെടുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

### 5. നവവൈദികരുടെ സംഗമം

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു കൂടിച്ചേരൽ ജനുവരി മാസം 28-ാം

തീയതി തിങ്കളാഴ്ച താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 6. ദുരിതാശ്വാസ സഹായനിധി

പ്രളയത്തിലും ഉരുൾപൊട്ടലിലും ഭവനരഹിതരായവരെ സഹായിക്കുന്നതിനുവേണ്ടി ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനയുടെ ലിസ്റ്റ് ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നു. ഇനിയും തുക നൽകാത്ത ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. പുതിയ ഫോൺ നമ്പർ

ഫാ. ആന്റണി പുരയിടം: 8086451333

### 8. സ്മരണാഞ്ജലി

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |



# മതബോധനം

വിശ്വാസ പരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും വീണ്ടും ചിറകുകൾ മുളപ്പിച്ച് കൂടുതൽ ഉയരത്തിൽ പറക്കാൻ, പിന്നിലുള്ളവയെ വിസ്മരിച്ച് മുൻപിലുള്ളവയെ ലക്ഷ്യമാക്കി ഓടാൻ ഒരു പുതുവർഷം കൂടി ദൈവം നമുക്കു നൽകിയിരിക്കുകയാണ്. കഴിഞ്ഞുപോയ വർഷത്തിൽ നമുക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവരായിരിക്കാം. മുന്നോട്ടുള്ള ജീവിതത്തിൽ ഉയർച്ചകളും താഴ്ചകളും കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെയൊക്കെ നമുക്കു സഞ്ചരിക്കേണ്ടി വന്നേക്കാം. എവിടെയും ദൈവം കൂടെയുണ്ട് എന്ന ബോധ്യത്തിൽ, അവിടുന്ന് നമ്മെ നയിച്ചുകൊള്ളും എന്ന ആഴമായ വിശ്വാസത്തിൽ നമുക്കു മുന്നോട്ടു നീങ്ങാം. പുതുവർഷത്തിൽ എടുക്കുന്ന നല്ല തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാനും വിവേകവും വിശുദ്ധിയും ദൈവാശ്രയബോധവും ഉള്ള പുതിയ വ്യക്തികളായി രൂപാന്തരപ്പെടുവാനും നമുക്കു സാധിക്കട്ടെ. ദൈവാനുഗ്രഹങ്ങളുടെ ഒരു വർഷം ആശംസിക്കുന്നു.

### ഗുരുദർശൻ

റവ. ഫാ. ഷാന്തി പുതുശ്ശേരിയുടെ നേതൃത്വത്തിൽ മതാധ്യാപകർ ക്കായി നടത്തുന്ന തുടർപരിശീലനം ഡിസംബർ മാസത്തിൽ പി.എം.ഒ.സി, ബഥാനിയ സെന്റർ, ചാത്തങ്കോട്ടുനട MSJ റിട്രീറ്റ് സെന്റർ എന്നിവിടങ്ങളിൽ വച്ച് നടക്കുകയുണ്ടായി. 225 മതാധ്യാപകർ സംബന്ധിച്ചു.

ഗുരുദർശൻ ജനുവരി മാസത്തിൽ

ജനുവരി 24, 25 (വ്യാഴം, വെള്ളി)@ പി.എം.ഒ.സി

### സൺഡേ സ്കൂൾ സന്ദർശനം

പ്രധാനാധ്യാപകർ നേതൃത്വം നൽകിയ 2018–2019 അദ്ധ്യയന വർഷത്തെ സൺഡേ സ്കൂൾ സന്ദർശനം പൂർത്തിയായി. സന്ദർശന റിപ്പോർട്ട് പ്രധാനാധ്യാപക സംഗമത്തിനു വരുമ്പോൾ എല്ലാ ഇടവകകൾക്കും നൽകുന്നതാണ്.

### രൂപതാ മതബോധന കമ്മറ്റി

2018–2019 അദ്ധ്യയന വർഷത്തെ രൂപതാ മതബോധന കമ്മറ്റിയുടെ രണ്ടാമത്തെ മീറ്റിംഗ് 2018 ഡിസംബർ 20 ന് അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ രൂപതാഭവനിൽ വച്ച് നടക്കുകയുണ്ടായി. രൂപതാ മതബോധന പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. മോൺ.

ജോൺ ഒറവുങ്കര ആശംസകൾ നേർന്ന് സംസാരിച്ചു. മതബോധന ഡയറക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളിൽ ഫൊറോന വികാരിമാരടക്കം 35 പേർ സംബന്ധിച്ചു. രൂപതാ മതബോധന സെക്രട്ടറി പ്രകാശ് നെട്ടേലിന്റെ നന്ദിപ്രകാശനത്തോടെ വൈകിട്ട് 4 മണിക്ക് കമ്മറ്റി സമാപിച്ചു.

**ക്വിസ് മത്സരം**

കുട്ടികളിൽ വിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ക്വിസ് മത്സരം ഡിസംബർ 30 ന് നടത്തപ്പെട്ടു. ജനുവരി മാസത്തിൽ 27 ഞായറാഴ്ച മത്സരം നടത്തുന്നതാണ്.

**പ്രധാനാധ്യാപക സംഗമം**

2019 ജനുവരി 12-ാം തിയതി ശനിയാഴ്ച പി.എം.ഒ.സി യിൽ വച്ച് ഈ അദ്ധ്യയന വർഷത്തെ അവസാനത്തെ പ്രധാനാധ്യാപക സംഗമം നടക്കുന്നു. രൂപതയിലെ എല്ലാ പ്രധാനാധ്യാപകരും നിർബന്ധമായും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന അധ്യാപകരുടെ പേരുകൾ, ഫോട്ടോ അടങ്ങിയ സിഡി എന്നിവ അന്നേദിവസം മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. രാവിലെ 9.45 ന് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സംഗമം അവസാനി ക്കുന്നതാണ്. (HCC പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ അന്നു നൽകുന്നാതാണ്).

**DCT സെമസ്റ്റർ പരീക്ഷ**

2017-2018 മതബോധന വർഷത്തിൽ തിയോളജി ഡിപ്ലോമ കോഴ്സിൽ രജിസ്റ്റർ ചെയ്തവരുടെ നാലാം സെമസ്റ്റർ പരീക്ഷ (Books PIA 8-16) 2019 ജനുവരി 13 ഞായറാഴ്ച അതാത് ഇടവകകളിൽ വച്ച് നടക്കുന്നതാണ്. ഓപ്പൺ ടെക്സ്റ്റ് ബുക്ക് എക്സാമിനേഷൻ ആയിരിക്കും. ചോദ്യപേപ്പറുകൾ പ്രധാനാധ്യാപക സംഗമത്തിന് വരുമ്പോൾ നൽകുന്നതാണ്. ഉത്തരക്കട ലാസുകൾ 10 ദിവസത്തിനുള്ളിൽ മതബോധന ഓഫീസിൽ ഏൽപ്പി ക്കേണ്ടതാണ്.

**HCC വാർഷിക പരീക്ഷ**

2018-2019 അദ്ധ്യയന വർഷത്തെ HCC യൂണിവേഴ്സിറ്റി പരീക്ഷ 2019 ജനുവരി 26-ാം തിയതി (ശനി) ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ജനുവരി 24 ന് ചോദ്യപേപ്പ റുകൾ മതബോധന കേന്ദ്രത്തിൽ നിന്നും മേഖലാഭാര വാഹികൾക്ക് നൽകുന്നതാണ്. ഉത്തരക്കടലാസുകൾ ജനുവരി 27 ന് മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**HCC ഹാൾ ടിക്കറ്റ്**

HCCപരീക്ഷ എഴുതുന്നതിന് മൂന്ന് കാര്യങ്ങൾ നിർബന്ധമാണ് എന്ന് മുൻ കൂട്ടി കുട്ടികളെ അറിയിച്ചിരുന്നതാണ്. ഇത് പൂർത്തിയാക്കാത്തവർക്ക് ഹാൾ ടിക്കറ്റ് നൽകുന്നതല്ല. 1. 60% ഹാജർ (30 അദ്ധ്യയന ദിവസങ്ങളിൽ 15 ദിവസമെങ്കിലും ഹാജർ) 2. ലൂമിന പങ്കാളിത്തം (ഏതെങ്കിലും സെന്ററിൽ) 3.

അർദ്ധവാർഷിക പരീക്ഷയിലെ പങ്കാളിത്തം. ഇത് പൂർത്തീകരിക്കാത്ത കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ മാതാപിതാക്കൾ വികാരിയച്ചനെ സമീപിച്ച് കാരണങ്ങൾ എഴുതി നൽകുകയും അത് ന്യായമാണെന്ന് വികാരിയച്ചന് ബോധ്യപ്പെടുന്ന പക്ഷം പരീക്ഷ എഴുതുവാനുള്ള അനുവാദത്തിനായി മതബോധന കാര്യാലയത്തിലേക്ക് ഈ അപേക്ഷ ശുപാർശ ചെയ്യാവുന്ന താണ്. വികാരിയച്ചൻ ശുപാർശ ചെയ്ത അപേക്ഷകൾ ജനുവരി 10 നു മുമ്പ് മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### HCC മൂല്യനിർണയം

HCC ഉത്തരക്കടലാസുകളുടെ മൂല്യനിർണയം ഫെബ്രുവരി 2 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 5 മണിവരെ പി.എം.ഒ.സി യിൽ വച്ച് നടക്കുന്നതാണ്. വിലങ്ങാട്, കരുവാരകുണ്ട് മേഖലകൾ ഒഴികെ ബാക്കി എല്ലാ മേഖലകളിലെയും HCC ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകരും അന്നേ ദിവസം നിർബന്ധമായും മൂല്യനിർണയത്തിൽ പങ്കെടുക്കേണ്ടതാണ്.

### HCC പരീക്ഷാഫലം

ഫെബ്രുവരി 9 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് HCC പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്. മേഖലാ ഭാരവാഹികൾക്ക് പരീക്ഷാഫലം ഓഫീസിൽ നിന്ന് പ്രിന്റ് ചെയ്ത് നൽകുന്നതാണ്.

### HCC SAY പരീക്ഷ

2019 ഫെബ്രുവരി 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണി വരെ എല്ലാ മേഖലയിലും വച്ച് HCC സേ പരീക്ഷ (Save an Year) നടത്തുന്നതാണ്.

### HCC പുനർമൂല്യനിർണയം

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം സ്വീകരിക്കുന്ന അവസാന തിയതി 2019 മാർച്ച് 2 (ശനി)

### ഡയറക്ടറച്ചന്റെ സന്ദർശനം

കട്ടിപ്പാറ, ബാലുശ്ശേരി ഇടവകകളിൽ സന്ദർശനം നടത്തി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ.ജോസഫ് വടക്കേൽ**
ഡയറക്ടർ,

# സെമിനാരി വാർത്തകൾ

## സൗഹൃദമത്സരം

ഡിസംബർ 1 ശനിയാഴ്ച സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് സാന്തോം എം.എസ്.ടി. മൈനർ സെമിനാരിയുമായി ബാസ്ക്കറ്റ്ബോൾ സൗഹൃദമത്സരം നടത്തി. മത്സരത്തിൽ അൽഫോൻസാ മൈനർ സെമിനാരി ജേതാക്കളായി.

## ക്രിസ്തുമസ് ആഘോഷങ്ങൾ

ഡിസംബർ 20 വ്യാഴാഴ്ച, അഭിവന്ദ്യ പിതാക്കന്മാരോടും, ബഹു. വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സെമിനാരിയിൽ വച്ച് ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തപ്പെട്ടു. സായാഹ്നത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് കരോളിൽ ഡിഗ്രി വൈദീകവിദ്യാർത്ഥികളും മൈനർ സെമിനാരിക്കാരും പങ്കുചേർന്നു. രൂപതാ ഭവനിൽ വച്ച് നടന്ന പ്രാർത്ഥനയ്ക്കുശേഷം അഭിവന്ദ്യ റെമീജിയോസ് പിതാവ് 3-ാം വർഷ മൈനർ സെമിനാരിക്കാർ തയ്യാറാക്കിയ പുൽക്കൂട്ടിൽ ഉണ്ണീശോയുടെ രൂപം വച്ച് ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് മൈനർ സെമിനാരിയിൽ വച്ച് നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ എല്ലാവരും പങ്കുചേരുകയും ക്രിസ്തുമസ് ആശംസകൾ പരസ്പരം കൈമാറുകയും ചെയ്തു. അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് ക്രിസ്തുമസ് സന്ദേശം പങ്കുവച്ചു.

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർസെമിനാരികളിലും, ഡിഗ്രി പഠനത്തിലും ആയിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ ഡിസംബർ 22-ാം തിയതി ശനിയാഴ്ച മൈനർ സെമിനാരിയിൽ ഒന്നുചേരുകയും അഭിവന്ദ്യ റെമീജിയോസ് പിതാവിനോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു.

## പരീക്ഷ, അവധി

ഡിസംബർ 10 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ സെമിനാരിക്കാരുടെ ക്രിസ്തുമസ് പരീക്ഷ നടത്തി. തുടർന്ന് ക്രിസ്തുമസ് ആഘോഷങ്ങൾക്കു ശേഷം 21-ാം തിയതി ക്രിസ്തുമസ് അവധിക്കായി സെമിനാരി വിദ്യാർത്ഥികൾ ഭവനങ്ങളിലേയ്ക്ക് മടങ്ങി. ജനുവരി 3-ാം തിയതിയാണ് മൂന്നാം സെമസ്റ്റർ ആരംഭിക്കുന്നത്.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, മൈനർസെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

### മിഷൻ റെയ്ഡ്

നവമാധ്യമങ്ങളിലൂടെ സുവിശേഷ പ്രഘോഷണം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ചെറുപുഷ്പ മിഷൻ ലീഗിന്റ പുതിയ സംരഭമായ മിഷൻ റെയ്ഡിൽ 25 - ദിനങ്ങളിലായി മനോഹരമായ ക്രിസ്തുമസ്സ് സന്ദേശം നൽകിയ എല്ലാ കുഞ്ഞു മിഷനറിമാർക്കും രൂപതാസമിതിയുടെ അഭിനന്ദങ്ങൾ. വരും നാളുകളിലും മിഷൻറെയ്ഡ് പ്രവർത്തനം തുടരുന്നു. ഇതിന്റെ തുടർപ്രവർത്തനവുമായി സഹകരിക്കാനോ ഗ്രഹിക്കുന്നവർ സി. എം. എൽ ഓഫീസുമായി ബന്ധപ്പെടുക.

### ഇടയർക്കായ്

ഈ വർഷം ആരംഭിച്ച ഇടയന്മാർക്കായ് എന്ന പ്രോഗ്രാമിൽ ഓരോ ശാഖയിലും പ്രാർത്ഥിക്കാനായി ലഭിച്ചിരിക്കുന്ന വൈദികർക്ക് ശാഖാംഗങ്ങൾ ക്രിസ്തുമസ് കാർഡുകൾ അയച്ച് തിരുപ്പിറവിയുടേയും പുതുവർഷത്തിന്റേയും ആശംസകൾനേർന്നു.

### രൂപതാ എക്സിക്യൂട്ടീവ്

ഡിസംബർ 22 ന് മുക്കം ദൈവാലയത്തിൽ വച്ച് രൂപത എക്സിക്യൂട്ടീവ് ചേർന്ന് ക്രിസ്തുമസ് ആഘോഷിക്കുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങളെ എങ്ങനെ കൂടുതൽ ശക്തിപ്പെടുത്താമെന്ന വിശദമായ ചർച്ചകൾ നടത്തി തീരുമാനമെടുക്കുകയും ചെയ്തു.

### ശാഖാസന്ദർശനം

വെറ്റിലപ്പാറ, കക്കയം, കരിയാത്തുംപാറ എന്നീ ശാഖകൾ സന്ദർശിച്ച് വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ക്ലാസുകൾ എടുക്കുകയും ചെയ്തു.

### ടെലികിസ്

ടെലികിസിന്റെ 6,7 എപ്പിസോഡിലെ വിജയികളായ മലാപ്പറമ്പ് ശാഖാംഗമായ ആൽവിയ ഇലവുങ്കലിനും, കോട്ടയ്ക്കൽ ശാഖാംഗമായ ബ്രിജിറ്റ് ചിറപ്പുറത്തിനും അഭിനന്ദങ്ങൾ.

### ദൈവവിളി സെമിനാർ

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ കൂരാച്ചുണ്ട് മേഖലയിൽ ഡിസംബർ 10 നും, തോട്ടുമുക്കം മേഖലയിൽ ഡിസംബർ 22 നും, മരഞ്ചാട്ടി ഇടവകയിലും ദൈവവിളി സെമിനാർ നടന്നു. ഫാ. ജേക്കബ് അരീത്തറ, സി. ദീപ റോസ് എന്നിവർ ക്ലാസുകൾ എടുത്തു.

### പ്രേഷിതവാര പ്രാർത്ഥന

ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്ത്വത്തിൽ പ്രേഷിതവാര പ്രാർത്ഥനകൾ എല്ലാ ഭവനങ്ങളിലും എത്തിച്ചു.

### ജ്വാല 2018

കല്ലാനോട്, കരിയാത്തുംപാറ എന്നീ ശാഖകളിൽ 'ജ്വാല-2018' പ്രോഗ്രാം നടന്നു. സി. ദീപ റോസ്, സി. ലിസിയ, സി. ടെൽന, സി. അൽഫോൻസ എന്നിവർ ക്ലാസുകൾ എടുത്തു.

### മെഗാക്വിസ്

2019 -ജനുവരി 26 ന് നടക്കുന്ന മെഗാക്വിസിൽ ഒരു ഇടവകയിൽ നിന്ന് 2 പേർ അടങ്ങുന്ന ടീമിന് പങ്കെടുക്കാം. ടീം അംഗങ്ങൾ 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്നവരായിരിക്കണം. ജനുവരി 26 ന് രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും ഫീസ് 100 രൂപ ആയിരിക്കും.

### ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2019 ഏപ്രിൽ 24 മുതൽ 27 വരെ രൂപതാ തലത്തിൽ 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി നടത്തുന്നു. ക്യാമ്പ് ഫീസ് 1200, രൂപയാണ്. 2019 ജനുവരി 30 – നകം പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ 200 രൂപ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പെർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്താൻ ഉതകുന്ന ക്യാമ്പാണ്.

### വചനോപാസി

ഓരോ വർഷവും ബൈബിളിലെ ഒരു പുസ്തകം മനഃപാഠമാക്കുന്ന പദ്ധതി ഈ പഠനയജ്ഞത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ജനുവരി 31 – ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ശാഖയിലും ഉത്തര വാദിത്വപ്പെട്ടവർ ഈ കാര്യത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധി ക്കേണ്ടതാണ്.

എല്ലാ മിഷനറിമാർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# അൾത്താര ശുശ്രൂഷാസംഘം

**മേഖലാ ക്യാമ്പുകൾ**

ഡിസംബർ മാസത്തിൽ അൾത്താര ശുശ്രൂഷകരുടെ സംഗമങ്ങൾ 4 ഫൊറോനകളിൽ സംഘടിപ്പിച്ചു. ഡിസംബർ 15-ാം തിയതി കൂരാച്ചുണ്ടിലും, 22-ാം തിയതി തോട്ടുമുക്കം ഫൊറോനയുടേത് മരഞ്ചാട്ടിയിലും, 23-ാം തിയതി മരുതോങ്കര ഫൊറോനയുടേത് കുണ്ടുതോട്ടിലും, 30-ാം തിയതി കോടഞ്ചേരിയിലുമാണ് സംഗമങ്ങൾ നടത്തിയത്. സെമിനാറുകൾ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ ഫൊറോനാ വികാരിയച്ചന്മാരെയും മേഖലാ ഡയറക്ടേഴ്സിനേയും കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ എല്ലാ സഹകരണങ്ങളും ചെയ്ത വികാരിയച്ചന്മാരേയും ആനിമേറ്റേഴ്സിനെയും ക്ലാസ്സുകളെടുക്കാൻ സഹായിച്ചവരെയും നന്ദിയോടെ ഓർക്കുന്നു.

**ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

ജനുവരി - ഫെബ്രുവരി മാസത്തിൽ എല്ലാ ഇടവകകളിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ഭാരവാഹി കളുടെയും, അൾത്താര ശുശ്രൂഷചെയ്യുന്ന എല്ലാ കുട്ടികളുടെയും ഒരു ലിസ്റ്റും രൂപതാ ഭവനത്തിലോ ഡയറക്ടറുടെയടുക്കലോ എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, അൾത്താര ശുശ്രൂഷാസംഘം

# ജീസസ് ഫ്രട്ടേണിറ്റി

ഒക്: 23 - 26 ഗോഹട്ടിയിൽ നടന്ന പ്രിസൻ മിനിസ്ടറി ഇന്ത്യ (P M I) നാഷണൽ കോൺഫറൻസിൽ വെച്ച് ആന്ധ്ര, തെലുങ്കാന, കർണ്ണാടക, തമിഴ്നാട്, കേരള എന്നീ State കൾ ഉൾപ്പെടുന്ന" സൗത്ത് റീജിയന്റെ സെക്രട്ടറിയായി ശ്രീ ഡേവിഡ് ചാക്കോ ആക്കപ്പടിക്കൽ (പാറോപ്പടി) തെരെഞ്ഞെടുക്കപ്പെട്ടു. നവം: 3 ന് P M O C യിൽ കൂടിയ മീറ്റിംഗിൽ ബഹു: ഡയറക്ടച്ചൻ ശ്രീ ഡേവിഡിനെ പൂച്ചെണ്ടു നൽകി ആദരിച്ചു. നവ: 23 ന് ചേവായൂർ കരുണ ഹോസ്റ്റൽ ചാപ്പലിൽ അംഗങ്ങൾ ഒന്നിച്ചുചേർന്ന് ആരാധന നടത്തി. ബഹു. ഡയരക്ടർ നേതൃത്വം നൽകി. തുടർന്ന് unit meeting നടന്നു. അതിനുശേഷം ഭക്ഷണവും കഴിച്ച് എല്ലാവരും പിരിഞ്ഞു.

നവ: 27 ന് വൈത്തിരി പള്ളിയിൽ വെച്ച് 5.30 P M ന് നടത്തിയ സോണൽ സമ്മേളനം വി. ഫാ. ജോൺ പുളിയന്താനം ഉദ്ഘാടനം ചെയ്തു. ബഹു. സായിയച്ചൻ ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് റിപ്പോർട്ട്, ചർച്ച, പ്രാർത്ഥന അത്താഴം ഇവയ്ക്കുശേഷം എല്ലാവരും മടങ്ങി. അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. Dec 5 ന് അംഗങ്ങൾ എല്ലാവരും കൂടി ചീമേനി തുറന്ന ജയിൽ സന്ദർശിച്ച് അവരോടൊപ്പം കുറേ സമയം ചെലവഴിച്ച് ഒന്നിച്ച് ഭക്ഷണവും കഴിച്ച് മടങ്ങി. Dec 22 ന് കോഴിക്കോട്, വടകര, കൊയിലാണ്ടി ജയിലുകളിൽ ക്രിസ്തുമസ്സ് പ്രോഗ്രാം നടത്തി. ജില്ലാജയിലിൽ താമരശ്ശേരി അൽഫോൻസാ സ്കൂളിലെ കുട്ടികൾ പ്രോഗ്രാം അവതരിപ്പിച്ചു. പ്രിൻസിപ്പൽ ബഹു. ജിൽസച്ചൻ X'mas സന്ദേശം നൽകി. തുടർന്ന് എല്ലാവർക്കും കേക്ക് വിതരണം ചെയ്തു. Dec 26 ന് മഞ്ചേരി, പെരിന്തൽമണ്ണ ജയിലുകളിൽ X'mas പ്രോഗ്രാം നടത്തി. സി. പവിത്രയുടെ നേതൃത്വത്തിൽ തിരുവമ്പാടി ഇൻഫന്റ് ജീസസ് സ്കൂളിലെ കുട്ടികൾക്കാണ് പ്രോഗ്രാം നടത്തിയത്. തുടർന്ന് X'mas സന്ദേശവും കേക്ക് വിതരണവും നടത്തി.

**ഫാ. സായ് പാറൻകുളങ്ങര**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# അൽഫോൻസാ പാലിയേറ്റീവ് കെയർ

## പരിശീലന ക്ലാസ്സ്

രോഗീപരിപാലനത്തെക്കുറിച്ചും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെക്കുറിച്ചും മഞ്ഞക്കുന്ന് ഇടവകയിൽ ക്ലാസ്സ് നടത്തി. വികാരി ഫാ. മനോജ് കുഴിക്കാട്ടുമ്യാലിൽ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. ജേക്കബ് പടലോടി ക്ലാസ്സെടുത്തു. മാത്യു തേരകം നേതൃത്വം നൽകി.

## മൊബൈൽ ക്ലീനിക്ക്

മൊബൈൽ ക്ലീനിക്കിന്റെ സേവനങ്ങൾ കൃത്യതയോടെ നടത്തി വരുന്നു. ധാരാളം രോഗികൾ സേവനം പ്രയോജനപ്പെടുത്തുന്നു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ

# ജീസസ് യൂത്ത്

ജീസസ് യൂത്ത് കോഴിക്കോട് സോണൽ കൗൺസിൽ മീറ്റിംഗ് കുന്ദമംഗലം സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാളിൽ നവംബർ 4-ാം തിയ്യതി രാവിലെ 10 മുതൽ 2 വരെ നടന്നു.

### 1. വുമൺസ് ഗാദറിംഗ്

നവംബർ 5-ാം തിയ്യതി കോഴിക്കോട് ശാന്തി ഭവൻ ആശ്രമത്തിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ വുമൺസ് ഗാദറിംഗ് നടന്നു. മിനി റെന്നി ഞാറക്കുളം നേതൃത്വം നല്കി.

### 2. സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി

നവംബർ 6-ാം തിയ്യതി കോഴിക്കോട് MCBS ചാപ്പലിൽ വെച്ച് വൈകിട്ട് 4 മുതൽ 7 വരെ 3 മണിക്കൂർ ആരാധന നടത്തി. അന്നേ ദിവസം നമ്മുടെ സോണിൽ നിന്ന് മരണമടഞ്ഞ മുൻകാല ജീസസ് യൂത്ത് അംഗങ്ങളെയും പ്രാർത്ഥനയിൽ സ്മരിച്ചു. സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി നേതൃത്വം നല്കി.

### 3. ഫോർമേഷൻ സ്റ്റഡി ക്ലാസ്സ്

നവംബർ 6-ാം തിയ്യതി കോഴിക്കോട് ശാന്തിഭവൻ ആശ്രമത്തിൽ ഫോർമേഷൻ ടീം സ്റ്റഡി ട്രെയിനിംഗ് ശാന്തി ഭവൻ ആശ്രമത്തിൽ നടന്നു. അഡ്വ. ജോജോ (കേരളാ ടീം ഫോർമേഷൻ മെമ്പർ) നേതൃത്വം നല്കി.

### 4. നല്ല അയൽക്കാരൻ

ജീസസ് യൂത്തിന്റെ നല്ല അയൽക്കാരൻ പ്രൊജക്ടിന്റെ ഗുണഭോക്താക്കളെ ഒരുമിച്ചുകൂട്ടി നവംബർ 10ന് കൂടത്തായി സെന്റ് മേരീസ് സ്കൂളിൽ വെച്ച് ഔട്ട് റീച്ച് പ്രോഗ്രാം നടത്തി. റെജി കരോട്ട് നേതൃത്വം നല്കി.

### 5. ഹൗസ് ഹോൾഡ്

നവംബർ 13, ഡിസംബർ 11 എന്നീ തിയ്യതികളിൽ കോഴിക്കോട് സിറ്റി സബ്സോൺ ദേവഗിരി MCBS ചാപ്പലിൽ ഹൗസ് ഹോൾഡിനായി ഒത്തുചേർന്നു.

### 6. സോണൽ ഫെലോഷിപ്പ് ഗാദറിംഗ്

നവംബർ 18 കുന്ദമംഗലം നവജ്യോതിസ് സ്കൂളിൽ ജീസസ് യൂത്ത് യുവജനങ്ങൾക്കായി സോണൽ ഗാദറിംഗ് സംഘടിപ്പിച്ചു. കോഴിക്കോട് സോണിൽ JYമ്യൂസിക് മിനിസ്ട്രിയായ G-Band പ്രോഗ്രാമിനെ സംഗീത സാന്ദ്രമാക്കി. ഡോ.ഡോണ സെൽഗ്രൂപ്പിന്റെ ആവശ്യകതയെ ക്കുറിച്ച് സംസാരിച്ചു. ഫാ. ഷൈജു MCBS വി. ബലി അർപ്പിച്ചു. പ്രോഗ്രാമിന് ആൻമേരി, പ്രഫുൽ, നിധിൻ എന്നിവർ നേതൃത്വം നല്കി.

### 7. OUT REACH CHILD SUPPORT

ജീസസ് യൂത്ത് മൂവ്മെന്റ് ഓൾ കേരളാ അടിസ്ഥാനത്തിൽ 3000ത്തോളം വിദ്യാർത്ഥികൾക്ക് 2010 മുതൽ നല്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പാണ് Out reach child support. 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന കുട്ടികൾക്ക് (ക്രൈസ്തവർക്കും, അക്രൈസ്തവർക്കും) മാസം 500 രൂപ സ്കോളർഷിപ്പായി നല്കി വരുന്നു.

നമ്മുടെ രൂപതാപരിധിയൽ ഏകദേശം 250 കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്നു.ഇതിനായി വാർഷിക അടിസ്ഥാനത്തിൽ നടത്തിവരുന്ന വെരിഫിക്കേഷൻ പ്രോഗ്രാം ഈ വർഷം നവംബർ 20-ാം തിയ്യതി പേരാമ്പ്ര സെന്റ് ഫ്രാൻസിസ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. ജോസ് തോട്ടത്തിൽ, ബിൻസ് പുൽത്തകിടിയേൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

### 8. ലോഗിൻ

പ്രോവിഡൻസ് കോളേജിലെ വിദ്യാർത്ഥികൾക്കായി നവംബർ 20ന് ജീസസ് യൂത്ത് മൂവ്മെന്റിന്റെ ഭാഗമായി - ലോഗിൻ പ്രോവിഡൻസ് - എന്ന പേരിൽ One Day Program സംഘടിപ്പിച്ചു. ബ്രദർ ബിനോഷ് പ്രോഗ്രാമിന് ക്ലാസ്സെടുത്തു.

### 9. റോസറി കളക്ഷൻസ്

യുവജനവർഷത്തോടനുബന്ധിച്ച് ജീസസ് യൂത്ത് നടത്തുന്ന റോസറി കളക്ഷൻ എല്ലാ ഇടവകകളിലും ജീസസ് യൂത്ത് അംഗങ്ങൾ ഗ്രൂപ്പായി കടന്നുചെന്ന് ജപമാല കൂപ്പണുകൾ വിതരണം നടത്തിവരുന്നു. ജെയ്സൺ സംരംഭത്തിന് നേതൃത്വം നല്കിവരുന്നു.

### 10. ഡിസംബർ - കൗൺസിൽ മീറ്റിംഗ്

ഡിസംബർ 2-ാം തിയ്യതി കുന്ദമംഗലം പള്ളി ഓഡിറ്റോറിയത്തിൽ സോണൽ കൗൺസിൽ മീറ്റിംഗ് നടന്നു. ഡിസംബർ മാസം നടക്കേ

ണ്ടിയിരുന്ന എല്ലാ പ്രോഗ്രാമിനെയും നാഥന്റെ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് ഒരുങ്ങി.

### 11. കേരള, നാഷണൽ അസംബ്ലി (കോഴിക്കോട് സോൺ)

ഡിസംബർ 2-ാം തിയ്യതി കുന്ദമംഗലം പള്ളി ഓഡിറ്റോറിയത്തിൽ ഫാ. സൈമൺ, ജോസഫ് കൊച്ചുപുരക്കൽ, റെന്നി ഞാറക്കുളം, ലിയോടോം, അനീഷ്ജോൺ എന്നിവരുടെ നേതൃത്വത്തിൽ കേരള, നാഷണൽ അസംബ്ലികളിലേക്ക് സോണിലെ പുതിയ തലമുറയെ അംഗങ്ങളായി തിരഞ്ഞെടുത്തു.

നാഷണൽ അസംബ്ലി - സോണിയ സണ്ണി, ആൽഡ്രിൻ ജോസഫ് കേരള അസംബ്ലി - നിധിൻ ജോയി, സോണിയ സണ്ണി, ജീനോ മത്തായി, ആൻമേരി, പ്രഫുൽ വർഗ്ഗീസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും അഭിനന്ദനങ്ങൾ..

## 12. ADVENTUS

ജീസസ് യൂത്ത് കോഴിക്കോട് സോണിന്റെ ക്രിസ്തുമസ് celebration Adventus എന്ന പേരിൽ ഡിസംബർ 8-ാം തിയ്യതി കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂളിൽ നടന്നു. താമരശ്ശേരി രൂപതാമെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനി പിതാവിന്റെ സാന്നിദ്ധ്യം യുവജനങ്ങൾക്ക് അനുഗ്രഹപ്രദമായി. പിതാവിന്റെ വാക്കുകൾ ക്രിസ്തുമസിന്റെ നല്ല നാളുകൾക്കായി ഒരുങ്ങുവാൻ യുവജനങ്ങളെ പ്രചോദിപ്പിച്ചു. സോണൽ മ്യൂസിക് ബാന്റായ **ജി-ബാന്റ്** കരോൾ ഗാനങ്ങളും പ്രെയ്സ് & വർഷിപ്പുമായി പ്രോഗ്രാമിന് മാറ്റുകൂട്ടി. അക്രൈസ്തവർ ഉൾപ്പെടെ 500ൽ കവിഞ്ഞ യുവജനങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു. നിധിൻ, ജോസഫ് സെബാസ്റ്റ്യൻ, ആഗ്‌മി, സോണിയ, പ്രഫുൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

### 13. ക്രിസ്മസ് സെലിബ്രേഷൻ

ഗവൺമെന്റ് ലോ-കോളേജിലുള്ള JYടീം അംഗങ്ങൾ ഡിസംബർ 17ന് മേഴ്സിഹോം മേരിക്കുന്നിൽ ക്രിസ്മസ് സെലിബ്രേഷൻ നടത്തി.

മലപ്പുറം സബ്സോൺ ഡിസംബർ 18 ന് എം.ഇ.എസ്. കോളേജിൽ വച്ച് സർപ്രൈസ് ! എന്ന പേരിൽ ക്രിസ്മസ് സെലിബ്രേഷൻ നടത്തി.

## 14. JYKC

മൂവാറ്റുപുഴയിൽ നടത്തേണ്ടിയിരുന്ന **JYKC**. പ്രോഗ്രാം ഈ ക്രിസ്മസ് കാലയളവിൽ പാലാ സോണിൽ സെന്റ് തോമസ് കോളേജിൽ ഡിസംബർ 27, 29 തിയ്യതികളിൽ നടത്താൻ തീരുമാനിച്ചു.

### 15. ചലോ പാല

പാലായിൽ നടക്കാനിരിക്കുന്ന ജീസസ് യൂത്ത് കേരള കോൺഫ്രൻ

സിലേക്ക് കോഴിക്കോട് സോൺ താമരശ്ശേരി രൂപതയിൽ നിന്ന് 140 ഓളം യുവജനങ്ങളും കുടുംബങ്ങളും പങ്കെടുക്കുന്നു.

ഈ പ്രോഗ്രാമിന്റെ വിജയത്തിനായി ധാരാളം കർമ്മ പദ്ധതികൾ കോഴിക്കോട് സോൺ യുവജനങ്ങൾ കൈക്കൊണ്ടുവരുന്നു. **JYKC** പാലാ യാത്രക്കായ് പ്രാർത്ഥനയോടെ നമ്മുടെ യുവജനങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. വരും നാളുകളിൽ ഓരോ യുവതീ - യുവാക്കളും തങ്ങളുടെ ക്രിസ്തുവിനോടുത്തുള്ള ഒത്തുചേരലിനായി സ്വപ്നം കണ്ടുതുടങ്ങി.....

പ്രാർത്ഥനയോടെ...... ചലോ പാലാ

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ജീസസ് യൂത്ത്

# മദ്യവിരുദ്ധ സമിതി

### പ്രതിഷേധ യോഗങ്ങൾ

ഗവൺമെന്റിന്റെ പുതിയ തെറ്റായ മദ്യനയത്തിനെതിരെ പ്രതിഷേധ യോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ നടത്തി.

### സമ്മാനകൂപ്പൺ

സംഘടനയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് സമാഹരണ ത്തിനായി സമ്മാന കൂപ്പൺ വിതരണം ചെയ്യുന്നു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ

# മാതൃവേദി

### തെരഞ്ഞെടുപ്പ്

മാതൃവേദി യൂണിറ്റ്, മേഖല തെരഞ്ഞെടുപ്പ് നടന്നു. പുതിയ ഭാരവാഹികൾ ജനുവരിയിൽ സ്ഥാനമേറ്റെടുക്കും.

**തോട്ടുമുക്കം മേഖല സെമിനാർ**

തോട്ടുമുക്കം മേഖലയുടെ സെമിനാറും ക്രിസ്തുമസ്സ് ആഘോഷവും ചുണ്ടത്തുംപൊയിൽ വച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. ജോസ്ഫ് കളത്തിൽ അദ്ധ്യക്ഷനായ യോഗം രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രിസഡന്റ് ശ്രീമതി ജോളിക്കുട്ടി തറപ്പിൽ, മേഖല പ്രസിഡന്റ് ശ്രീമതി ഷാനി സജി, സെക്രട്ടറി ശ്രീമതി സൂസമ്മ മാത്യു എന്നിവർ സംസാരിച്ചു. വിവിധ ഇടവകയിൽ നിന്നുള്ള കലാപരിപാടികളും ക്രിസ്തുമസ് കരോൾ ഗാനമത്സരവും നടത്തപ്പെട്ടു. വിജയികൾക്ക് സമ്മാനവും നൽകി.

**ക്രിസ്തുമസ് ആഘോഷങ്ങൾ**

വിവിധ മേഖലകളിൽ ക്രിസ്തുമസ് ആഘോഷപരിപാടികൾ നടത്തുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, മാതൃവേദി

## അൽഫോൻസ കോളേജ് തിരുവമ്പാടി

**പരിസ്ഥിതി പഠന സെമിനാർ**

23.11.18 ന് പരിസ്ഥിതി പഠനസെമിനാർ നടത്തി. ഒയിസ്ക തിരുവമ്പാടി ചാപ്റ്ററിന്റെ സഹകരണത്തോടെയാണ് "പ്രളയം നമ്മോട് എന്താണ് പറയുന്നത്?" എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തിയത്. പ്രൊഫസർ ടി. ശോഭീന്ദ്രൻ (Green Man) സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. തോമസ് തേവര ക്ലാസ്സെടുത്തു. മാനേജർ റവ.ഫാ. സ്കറിയ മങ്ങരയിൽ അദ്ധ്യക്ഷ്യം വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫസർ ഫിലിപ്പ് കെ ആന്റണി ആശംസകൾ അർപ്പിച്ചു.

**സൈക്കോളജിക്കൽ അസ്സസ്മെന്റ് ക്യാമ്പ്:**

30.11.18 ന് സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് "കോമ്പസിറ്റ് റീജണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി"യുടെ സഹകരണത്തോടെ സൈക്കോളജിക്കൽ അസ്സസ്മെന്റ് ക്യാമ്പ് നടത്തി. ഇന്റലിജൻസ് ടെസ്റ്റ്, മെമ്മറി ടെസ്റ്റ് അറ്റെൻഷൻ, ലേണിങ്ങ് ഡിസെബിലിറ്റി എന്നീകാര്യങ്ങളിലാണ് അസ്സസ്മെന്റ് നടത്തിയത്. സി. ആർ. സി. യിലെ ഡോ. സുരേഷ്കൂമാർ ക്ലാസ്സെടുത്തു. വിവിധ സ്കൂളുകളിൽ നിന്ന് ഡിസേബിൾഡ് വിദ്യാർത്ഥികളും അവരുടെ

രക്ഷിതാക്കളും ക്യാമ്പിൽ പങ്കെടുത്തു. മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രൊഫസർ ഫിലിപ്പ് കെ ആന്റണി അദ്ധ്യക്ഷത വഹിച്ചു. സൈക്കോളജി വിഭാഗം മേധാവി സിസ്റ്റർ അർപ്പിത സി. എം.സി. ആമുഖ പ്രഭാഷണം നടത്തി.

### പെയിന്റിംഗ് പരിശീലന ശിൽപശാല

30.11.18 ന് തിരുവമ്പാടി സീനിയർ ചേംബറിന്റെ സഹകരണത്തോടെ മ്യൂറൽ പെയിന്റിംഗ്, ഗ്ലാസ്സ് പെയിന്റിംഗ് എന്നീ ഇനങ്ങളിൽ പരിശീലന പ്രവർത്തന ശിൽപശാല നടത്തി. ശ്രീമതി സീന ജയൻ, ശിൽപശാല നയിച്ചു. പ്രിൻസിപ്പൽ പ്രൊഫസർ ഫിലിപ്പ് കെ ആന്റണി ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ ഫാ. കുര്യൻ താന്നിക്കൽ, സീനിയർ ചേമ്പർ ഭാരവാഹി കെ. ടി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

### ബ്ലൈൻഡ് വാക്ക്, നേത്രദാന ബോധവത്കരണം

03.12.18 ന് ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി നേത്രദാന ബോധവൽക്കരണ സന്ദേശവുമായി തിരുവമ്പാടി ടൗണിലൂടെ ഇടവകയുടെയും കെ.സി.വൈ എം ന്റെയും സഹകരണത്തോടെ അൽഫോൻസ കോളേജിലെ വിദാർത്ഥികളും അദ്ധ്യാപകരും ബ്ലൈൻഡ് വാക്കിലും റാലിയിലും പങ്കെടുത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ റാലിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.മാനേജർ ഫാ. സ്കറിയ മങ്ങരയിൽ, പ്രിൻസിപ്പൽ പ്രൊഫസർ ഫിലിപ്പ് കെ ആന്റണി, വൈസ് പ്രിൻസിപ്പൽ ഫാ. കുര്യൻ താന്നിക്കൽ, ബെർണാഡ് ജോസ്, എയ്ഞ്ചൽ പി ഏലിയാസ്, ജാസ്മിൻ സൈമൺ എന്നിവർ നേതൃത്വം നൽകി.

### കരിയർ ഗൈഡൻസ് സെമിനാർ

04.12.18 ന് സൈക്കോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കരിയർഗൈഡൻസ് സെമിനാർ നടത്തി. പ്രൊഫസർ ബിജന ഒ. മാത്യു ക്ലാസ്സെടുത്തു.

### IFRS സെമിനാർ

കോമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ IFRS സെമിനാർ നടത്തി. ആഗോളതലത്തിൽ 'ഫിനാൻഷ്യൽ റിപ്പോർട്ടിങ്' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സെമിനാർ. ചാർട്ടേഡ് അക്കൗണ്ടന്റ് രാമകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സെടുക്കുകയും ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. കെ ആന്റണി അദ്ധ്യക്ഷ്യം വഹിച്ചു. കോമേഴ്സ് വിഭാഗം മേധാവി ശ്രീമതി സാനി തോമസ് നേതൃത്വം നൽകി.

### നാഷണൽ സൈക്കോളജി ഫെസ്റ്റ്

07.12.18 ന് കളമശ്ശേരി രാജഗിരി കോളേജിൽ വച്ച് നടന്ന നാഷ്ണൽ സൈക്കോളജി ഫെസ്ററിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ദേശീയ

ഫോട്ടോഗ്രാഫി മത്സരത്തിൽ അശ്വിൻ . ടി. ഒന്നാം സ്ഥാനവും, ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും കരസ്ഥമാക്കി.

**പഠന – വിനോദയാത്രകൾ**

ബീ കോം അവസാന വർഷ വിദ്യാർത്ഥികൾ ഉഡുപ്പി, ഡാൻഡെലി, മുരുകേശ്വരം, ഗോകർണ്ണം എന്നീ സ്ഥലങ്ങളിലേക്കും, ബി.എ അവസാ നവർഷ വിദ്യാർത്ഥികൾ മൂന്നാർ, മാട്ടുപ്പെട്ടി, കാന്തല്ലൂർ, മറയൂർ, ഇരവികുളം, എറണാകുളം എന്നീ സ്ഥലങ്ങളിലേക്കും അധ്യാപകരുടെ നേതൃത്വത്തിൽ പഠന-വിനോദ യാത്രകൾ നടത്തി.

**ക്രിസ്മസ് ആഘോഷം**

21.12.18 ന് വൈവിധ്യമാർന്ന പരിപാടികളോടെ ക്രിസ്മസ് ആഘോഷം സമുചിതമായി നടത്തി. കരോൾ ഗാന മത്സരം, ക്രിസ്മസ് പാപ്പ മത്സരം, പുൽക്കൂട് നിർമ്മാണ മത്സരം, മറ്റ് വിവിധ മത്സരങ്ങൾ കലാപരിപാടികൾ എന്നിവയും കമനീയമായി അലങ്കരിച്ച പുൽക്കൂടും ക്രിസ്മസ് ഫാദറിനെ വരവേൽക്കലും ആഘോഷത്തിന് മാറ്റ് കൂട്ടി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു. 2017–18 അധ്യയന വർഷത്തെ കോളേജ് മാഗസിൻ 'പുഴയാണ് നമ്മുടെ വിഷയം' പ്രകാശനകർമ്മവും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. വിവിധ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും നൽകി. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. ഫിലിപ്പ് കെ ആന്റണി ,വൈസ് പ്രിൻസിപ്പൽ ഫാ. കുര്യൻ താന്നിക്കൽ, സിസ്റ്റർ അർപ്പിത സി. എം.സി. സെബാസ്റ്റ്യൻ ചെറിയാൻ, അരുൺ ബെന്നി, മുഹമ്മദ് അനസ് അനീഷ് എം എന്നിവർ ആശംസകൾ നേർന്നു.

**ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**പി.എം.ഒ.സി യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ:**

1. Diploma course (1 year)
2. Counseling skills course (10 days)
3. Couple Enrichment workshop (2 days)
4. Advanced counseling skills Trainig (1 week)
5. Alumini meet (1 day)

### കൗൺസിലിംഗ്

അനുദിന ജീവിതത്തിൽ മാനസ്സിക പിരിമുറക്കത്താൽ ഉഴലുന്നവർക്ക് തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും അപ്രതീക്ഷിതമായ ജീവിത സാഹചര്യങ്ങളെ തന്മയത്വത്തോടെ നേരിടാനും സഹായിക്കുകയെന്നതാണ് കൗൺസിലിംഗിന്റെ ലക്ഷ്യം.

മാനസ്സീകമായി തളർന്നുവരുന്നവർക്ക് ആശ്വാസമേകുവാനും, അവർക്ക് ഒരു കൈത്താങ്ങ് ആകുവാനും സന്നദ്ധരായ ഡയറക്ടർ ഫാ. ഡോ. കുര്യൻ പുരമഠത്തിന്റെയും മറ്റു സൈക്കോളജിസ്റ്റുകളായ ഫാ. ജോജി, ശ്രീ. ശ്രീവൽസൻ, ശ്രീമതി സിനി ജോൺ, മേരി പോൾ, ഷൈനി ആന്റോ, എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് ഇവിടെ നടത്തുന്നു.

### ഡിപ്ലോമ കോഴ്സ് (1 വർഷം)

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള ഒരു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിന്റെ ആറാമത്തെ ബാച്ച് ജനുവരി അവസാനവാരത്തിൽ ആരംഭിക്കുന്നു.

### ദാമ്പത്യ പരിപോഷണ ശില്പശാല

ഡിസംബർ 8,9 തീയ്യതികളിൽ നടത്തിയ ദാമ്പത്യ പരിപോഷണ ശില്പശാലയിൽ ഇരുപതോളം ദമ്പതികൾ പങ്കെടുക്കുകയും, ബഹുമാനപ്പെട്ട ഷാന്റിയച്ചൻ അവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്യുകയും ഉണ്ടയി.

**റവ. ഡോ. കരുര്യൻ പുരമഠം**
ഡയറക്ടർ

## കെ.സി. വൈ.എം.

### നിലാവുകൂട്ടം നടന്ന യൂണിറ്റുകൾ

കൂടത്തായ്, ഈസ്റ്റ് ഹിൽ, അശോകപുരം

നേത്രദാന ബോധവൽക്കരണം

**തിരുവമ്പാടി** : നേത്രദാന ബോധവൽക്കരണ പ്രചാരണ പരിപാടി യുടെ ഭാഗമായി കെ.സി. വൈ.എം. തിരുവമ്പാടി മേഖലയും അൽഫോ ൻസാ കോളേജ് തിരുവമ്പാടിയും സംയുക്തമായി ബ്ലൈൻഡ് വോക്ക് സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഫ്ളാഗ് ഓഫ് ചെയ്തു.

അൽഫോൻസാ കോളേജ് മാനേജർ റവ. ഫാ. സ്ക്കറിയ മങ്കര, ഫൊറോനാ

വികാരി റവ. ഫാ. ജോസ് ഓലിയക്കാട്ടിൽ, കെ.സി. വൈ.എം. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ, കെ.സി. വൈ.എം. തിരുവമ്പാടി മേഖലാ ഡയറക്ടർ ഫാ. സഖറിയാസ് നെടുമല, ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പേൽ, ബോസ് ജേക്കബ്ബ്, ഫാ. കുര്യൻ താന്നിക്കൽ, പ്രൊഫ. ഫിലിപ്പ് കെ. ആന്റണി, എയ്ഞ്ചൽ പി. ഏലിയാസ്, അമൽ മൈക്കിൾ എന്നിവർ പ്രസംഗിച്ചു.

## എയ്ഡ്സ് രോഗിക്കൊരു കൈതാങ്ങ്

എയ്ഡ്സ് രോഗികളുടെ പരിചരണവും ഉന്നമനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കെസ് കെയർ (കുര്യാക്കോസ് ഏലിയാസ് സർവ്വീസ് സൊസൈറ്റി) സംഘടനയോട് സഹകരിച്ച് എൺപതോളം എയ്ഡ്സ് രോഗികൾക്ക് അരിയും പലവ്യഞ്ജനങ്ങളും അടങ്ങുന്ന ഭക്ഷണകിറ്റുകൾ സംഭരിച്ചു നൽകി. കെ.സി. വൈ.എം. ചാരിറ്റി & സോഷ്യൽ സർവ്വീസ് ഇൻചാർജ്ജ് ജീന ജോയിയുടെ നേതൃത്വത്തിലാണ് കിറ്റുകൾക്ക് ആവശ്യമായ ഫണ്ട് നടത്തിയത്. സഹകരിച്ച എല്ലാവർക്കും രൂപത സമിതിയുടെ നന്ദി.

## അറിയിപ്പുകൾ

1. കെ.സി. വൈ.എം. റിസോഴ്സ് ടീം രൂപീകരണത്തിന്റെ ഭാഗമായി പാറോപ്പടി, താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി ഫൊറോനയിലെ മികവുറ്റ യുവജനങ്ങളെ ഉൾപ്പെടുത്തികൊണ്ട് ലീഡർഷിപ്പ് & ഫോർമേഷൻ ക്യാമ്പിന്റെ ആദ്യ സെഷൻ ജനുവരി 25, 26, 27 (വെള്ളി വൈകിട്ട് മുതൽ ഞായർ വൈകിട്ട് 4 മണി വരെ) തിയതികളിലായി നടത്തുന്നു. ഒരു ഫൊറോനയിൽ നിന്ന് 12 പേരെയാണ് ക്യാമ്പിലേക്ക് ഉൾപ്പെടുത്തുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റേഴ്സും കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോഗ്രാമിൽ പങ്കെടുപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. ഫാ. ഷാന്തി പുതുശ്ശേരിൽ ക്യാമ്പിന് നേതൃത്വം നൽകുന്നു.

## രൂപതാതല രചന മത്സരഫലങ്ങൾ

### 1. പോസ്റ്റർ

| *പേര്* | *ഇടവക* | *ഫൊറോന* |
|---|---|---|
| 1. പ്രണവ് ബിജു വല്ലച്ചിറ | ദേവഗിരി | പാറോപ്പടി |
| 2. അനിക റോയി മരുതനക്കുഴി | വിലങ്ങാട് | വിലങ്ങാട് |
| 3. അതുല്യ സി. ജോസഫ് ചാലിക്കോട്ടയിൽ | കല്ലാനോട | കൂരാച്ചുണ്ട് |

### 2. കാർട്ടൂൺ

| | | |
|---|---|---|
| 1. ക്രിസ്റ്റോ ജോസഫ് പണിമലക്കുന്നേൽ | വിലങ്ങാട് | വിലങ്ങാട് |
| 2. അജയ് പുതുപ്പള്ളി | വാണിയമ്പലം | കരുവാരകുണ്ട് |
| 3. പ്രണവ് ബിജു വല്ലച്ചിറ | ദേവഗിരി | പാറോപ്പടി |

### 3. കൊളാഷ്

| | | |
|---|---|---|
| 1. അഖിൽ ജോസ് പൂതക്കുഴിയിൽ | പുന്നക്കൽ | തിരുവമ്പാടി |
| 2. അലൻ ദേവസ്യ വിലങ്ങുപാറ | കുണ്ടുതോട് | മരുതോങ്കര |
| 3. അലീന ജോസഫ് പുളിന്തറ | കുണ്ടുതോട് | മരുതോങ്കര |
| 3. ഡെൽജിൻ സെബാസ്റ്റ്യൻ പ്ലക്കിയിൽ | ചുണ്ടത്തുംപോയിൽ | തോട്ടുമക്കം |

### 4. ഉപന്യാസം

| | | |
|---|---|---|
| 1. ആഷ്മി ജോസ് | കുളത്തുവയൽ | കൂരാച്ചുണ്ട് |
| 2. അനിറ്റ മാത്യു | പൂതംപാറ | മരുതോങ്കര |
| 3. ടോണി എസ് അഗസ്റ്റിൻ | കൂരാച്ചുണ്ട് | കൂരാച്ചുണ്ട് |

### 5. മുദ്രാവാക്യ രചന

| | | |
|---|---|---|
| 1. അന്നു ജോൺ വാളിപ്ലാക്കൽ | മഞ്ഞക്കടവ് | തിരുവമ്പാടി |
| 2. അഞ്ജന സോജൻ അരിപ്പറമ്പിൽ | വിലങ്ങാട് | വിലങ്ങാട് |
| 3. ആഷ്ന ജോസ് | മരുതോങ്കര | മരുതോങ്കര |

### 6. നോട്ടീസ് രചന

| | | |
|---|---|---|
| 1. ആൽബിൻ മാത്യു ചക്കാലപ്പറമ്പിൽ | പുഷ്പഗിരി | തോട്ടുമുക്കം |
| 2. അഖില ജോയ് തെരുവത്ത് | ദേവഗിരി | പാറോപ്പടി |
| 3. റോസ് മരിയ വിൽസൺ ചക്കുംമുട്ടിൽ | തിരുവമ്പാടി | തിരുവമ്പാടി |

### 7. പത്രവാർത്ത

| | | |
|---|---|---|
| 1. ബ്രിസ്റ്റോ ജോർജ്ജ് പുരിയോട്ട് | പച്ചനാട | മലപ്പുറം |
| 2. അലിന്റ ബിജു വട്ടോട്ടുതറപ്പേൽ | കണ്ണോത്ത് | കോടഞ്ചേരി |
| 3. റിഞ്ജോ മാനുവൽ പുതിയേടത്തുചാലിൽ | മരഞ്ചാട്ടി | തോട്ടുമുക്കം |

### 8. കവിത രചന

| | | |
|---|---|---|
| 1. അഖിൽ ജോസ് | മഞ്ചേരി | മലപ്പുറം |
| 2. ആകാശ് ജോർജ്ജ് തെങ്ങുംപള്ളിൽ | പൂവ്വാറംതോട | തോട്ടുമുക്കം |
| 3. ജിതിൻ വേലിക്കകത്ത | കോടഞ്ചേരി | കോടഞ്ചേരി |

### 9. കഥാ രചന

| | | |
|---|---|---|
| 1. അഞ്ജു ഫ്രാൻസിസ് തേവർകാട്ടിൽ | കക്കാടംപോയിൽ | തോട്ടുമുക്കം |
| 2. സ്നേഹ മരിയ ബെന്നി വെള്ളയ്ക്കാക്കുടിയിൽ | ചെമ്പുകടവ് | കോടഞ്ചേരി |
| 3. ജോമോൾ ജോസ് പതിനാലിൽ | അടക്കാക്കുണ്ട് | കരുവാരക്കുണ്ട് |

**മികച്ച ഫൊറോനകൾ**

1. തിരുവമ്പാടി
2. തോട്ടുമുക്കം
3. വിലങ്ങാട്

**മികച്ച യുണിറ്റുകൾ**

1. വിലങ്ങാട്
2. ദേവഗിരി
3. പുന്നക്കൽ

**ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ**

ഡയറക്ടർ, കെ.സി.വൈ.എം

## കുടുംബകൂട്ടായ്മ

ആദിമസഭയുടെ കൂട്ടായ്മയിൽ ജീവിക്കുവാൻ ഇടവകാ സമൂഹത്തെ സഹായിക്കുന്ന സംവിധാനമാണ് കുടുംബകൂട്ടായ്മകൾ. ഓരോ കൂട്ടായ്മ യിലുമുള്ള കുടുംബങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കും പരസ്പര ഐക്യത്തിനും ഒരുമിച്ചുള്ള പ്രവർത്തനത്തിനും സഹായിക്കുന്ന രീതിയിൽ വിവിധ പ്രവർത്തങ്ങൾക്കുള്ള സാധ്യതകൾ കുടുംബകൂട്ടായ്മയ്ക്കുണ്ട്.

നിലവിലുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കാലാവധി 2019 മാർച്ചു മാസത്തോടെ അവസാനിക്കുകയാണ്. അതിനാൽ പുതിയ കൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന സമയമാണിത്.

കുടുംബകൂട്ടായ്മയുടെ ദൗത്യങ്ങൾ കാര്യക്ഷമമായി നിർവ്വഹി ക്കുവാൻ പ്രാപ്തരും ഉദാരമതികളുമായ വ്യക്തികളെയാണ് കുടുംബ കൂട്ടായ്മയുടെ നേതൃസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കേണ്ടത്. സമൂഹത്തെ നയിക്കുന്നതിന് കഴിവും പ്രാപ്തിയും സാഹചര്യമുള്ളവർ നേതൃത്വത്തി ലേക്ക് കടന്നു വരണം.

കുടുംബ കൂട്ടായ്മയുടെ യൂണിറ്റുതല ഇലക്ഷനും ഇടവകതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മാർച്ചു മാസം 15-ാം തിയ്യതിക്കകം പൂർത്തി യാക്കേണ്ടതാണ്. തുടർന്ന് ഏപ്രിൽ 10 - നുള്ളിൽ ഫൊറോനതല ഇലക്ഷനും രൂപതാതല ഇലക്ഷനും പൂർത്തിയാക്കേണ്ടതുണ്ട്. ഏപ്രിൽ 20 - നുള്ളിൽ രൂപതാതലത്തിൽ പുതിയ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടു ക്കുന്നതുമാണ്. ആയതിനാൽ ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ വികാരിയച്ചൻമാരുടേയും നിസ്തുലമായ സഹകരണം പ്രതീക്ഷിക്കുന്നു.

### ഇലക്ഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-

യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കപ്പെടേണ്ടവർ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ. പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ ആരെങ്കിലും വനിതകളുടെ വിഭാഗത്തിൽ നിന്നായിരിക്കണം തിരഞ്ഞെടുക്കേണ്ടത്.

### ഇടവകതലം:-

പാരീഷ് കൗൺസിലിൽ നിന്ന് വ്യത്യസ്തമായി കുടുംബകൂട്ടായ്മയ്ക്ക് ഇടവകാതലത്തിൽ ഭാരവാഹികൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ സമ്പൂർണ്ണ യോഗം ഇടവകാതലത്തിൽ ബഹു. വികാരിയച്ചൻ വിളിച്ചുകൂട്ടുകയും ഇവരിൽ നിന്ന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറൽ കൂടാതെ രണ്ട് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരടുങ്ങുന്ന 7 പേരുടെ ഇടവക തലത്തിലെ കുടുംബ കൂട്ടായ്മയുടെ ഇതരപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹു. വികാരിയച്ചനെ സഹായിക്കുന്നത് ഈ ഭാരവാഹികളായിരിക്കും.

### ഫൊറോന തലം:-

ഫൊറോന തല ഇലക്ഷനിൽ പങ്കെടുക്കേണ്ടവർ ഓരോ ഇടവകയിൽ നിന്നുള്ള ഇടവക ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരേയും പ്രാതി നിത്യമില്ലാത്ത ഇടവകയിൽ നിന്ന് ഒരാളെ വീതം എക്സിക്യൂട്ടീവിലേക്കും തിരഞ്ഞെടുക്കുന്നു.

### രൂപത ഇലക്ഷൻ

രൂപത ഇലക്ഷനിൽ പങ്കെടുക്കേണ്ടത് ഫൊറോന ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരാണ്.

**ഫാ. ജിതിൻ വാമറ്റത്തിൽ**
ഡയറക്ടർ, കുടുംബ കൂട്ടായ്മ

## എഫ്. എസ്. റ്റി.

എഫ്. എസ്. റ്റി. യ്ക്ക് നൽകുന്ന എല്ലാ സഹകരണത്തിനും പ്രാർത്ഥ നയ്ക്കും നന്ദി പറയുന്നു.

2018 നവംബർ 24, ഡിസംബർ 15 എന്നീ തിയതികളിലായി എഫ്. എസ്. റ്റിയുടെ ആഭിമുഖ്യത്തിൽ 2 സെമിനാറുകൾ രൂപതാഭവനിൽ വച്ച് നടന്നു. രണ്ടു സെമിനാറുകളിലും കൂടി 220 സിസ്റ്റേഴ്സ് പങ്കെടുത്തു. രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഒരു മണിക്കൂർ ക്ലാസ്സെടുത്തു. രൂപതയാകുന്ന പ്രാദേശിക സഭയുടെ തലവനായ രൂപതാദ്ധ്യക്ഷന്റെ 'ആത്മാ ക്കളെ

നേടുക' എന്ന ദൗത്യത്തിൽ പങ്കുചേരുന്നവരാണ് ഓരോ സമർപ്പിത രെന്നും ഈ കാലഘട്ടത്തിൽ സഭയിലുണ്ടായ പ്രശ്നങ്ങളും പ്രതിസ ന്ധികളും നമ്മെ തളർത്തരുതെന്നും അവ നമ്മുടെ വിശുദ്ധീകരണത്തിനും സ്വയം തിരുത്തലിനുമുള്ള അവസരമായി കാണണമെന്നും പിതാവ് ആഹ്വാനം ചെയ്തു. 'ആനന്ദിച്ചാഹ്ലാദിക്കുവിൻ' എന്ന പരിശുദ്ധ പിതാവിന്റെ അപ്പസ്തോ ലിക ലേഖനം വ്യാഖ്യാനിച്ചുകൊണ്ട് അതിന്റെ മുഖ്യപ്രമേയമായ 'വിശുദ്ധി' പ്രാപിക്കുവാൻ തടസ്സമായി നിൽക്കുന്ന എല്ലാ പൈശാചിക തന്ത്രങ്ങളെയും ബോധപൂർവ്വം മാറ്റിനിർത്തണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു.

തുടർന്ന് 'സൈക്കോ സ്പിരിചൽ ' ഫോർമേഷനെക്കുറിച്ച് ഫാ. ഷാന്തി പുതുശ്ശേരി ക്ലാസ്സ് എടുത്തു. മാനുഷികരൂപീകരണവും സമഗ്രവളർച്ചയും എന്ന വിഷയത്തെ ആസ്പദമാക്കി, നമ്മുടെ വ്യക്തിത്വവളർച്ചയ്ക്ക് ആവശ്യ മായ കാര്യങ്ങൾ അച്ചൻ സ്വന്തം ജീവിതാനുഭവങ്ങളും ആത്മീയതയും പങ്കു വച്ചുകൊണ്ട് പറഞ്ഞുതന്നത് ഏറെ പ്രചോദനാ ത്മകമായിരുന്നു.

പിന്നീട് എഫ്. എസ്. റ്റി യുടെ ഡയറക്ടർ ഫാ. അബ്രാഹം കാവിൽ പുരയിടത്തിൽ എഫ്. എസ്. റ്റി അംഗങ്ങളുമായി സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെപ്റ്റംബർ മാസത്തിൽ നടത്തിയ രൂപതാതല രചനാമത്സരങ്ങളിൽ വിജയികളായവർക്ക് ഡിസംബർ 15 നു നടന്ന സെമിനാറിൽ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് എഫ്. എസ്. റ്റി അംഗങ്ങൾ എല്ലാവരും ചേർന്ന് പിതാവിന് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു. സമ്മേളനത്തിന്റെ സമാപ നാവസരത്തിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സമാപന സന്ദേശവും ആശീർവ്വാദവും നേർന്നു. 3.30 ന് യോഗം സമാപിച്ചു.

എല്ലാവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**സി. മരിയറ്റ് എസ്.ഡി**
എഫ്. എസ്. റ്റി പ്രസിഡന്റ്

## കമ്മ്യൂണിക്കേഷൻ മീഡിയ

### മലബാർ വിഷൻ വാർഷിക സമ്മേളനം

മലബാർ വിഷൻ ഇടവക പ്രതിനിധികളുടെ വാർഷിക സമ്മേളനം മേരിക്കുന്ന് പി എം ഒ സി യിൽ നടന്നു. സാഹിത്യ അവബോധ ക്ലാസിന് സാഹിത്യകാരൻ വിനായക് നിർമ്മൽ നേതൃത്വം നൽകി.

ഔദ്യോഗിക ചടങ്ങിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷ ത വഹിച്ചു. സഭാത്മക ചിന്ത വിശ്വാസികളിൽ വളർത്തിയെടുക്കു കയെന്നതാണ് മലബാർ വിഷന്റെ പ്രധാന ലക്ഷ്യമെന്നും രൂപതയിൽ നാം ഒരു കുടുംബം എ ന്ന ചൈതന്യത്തിൽ മുന്നേറുവാൻ നമുക്ക് സാധിക്കണമെന്നും ബിഷപ് അഭി പ്രായപ്പെട്ടു. രൂപതയിലെ എല്ലാ കുടുംബങ്ങളിലും മലബാർ വിഷൻ എത്തണ

മെന്നും എല്ലാ ഇടവകകളിലും മലബാർ വിഷന് ഒരു പ്രതിനിധി വേണമെന്നും ബിഷപ് പറഞ്ഞു.

കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. ബെന്നി കാരക്കാട്ട് സ്വാഗതം ആശംസിച്ചു. കെ. എഫ്. ജോർജ് എഡിറ്റോറിയൽ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ ചാൻസലർ ഫാ. ഏബ്രാഹം കാവിൽപുരയിടത്തിൽ, പ്രൊക്യുറേറ്റർ ഫാ. ജെയിംസ് കുഴിമറ്റത്തിൽ, ആൽഫാ മരിയ അക്കാദമി ഡയറക്ടർ ഫാ. അജി പുതിയാപറമ്പിൽ, ദീപിക കോഴിക്കോട് റെസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര, ഫാ. മാത്യു കൊല്ലംപറമ്പിൽ, മനോജ് വീട്ടുവേലിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. ചാർലി കട്ടക്കയം നന്ദി പറഞ്ഞു. മലബാർ വിഷന്റെ ഉപഹാരം ബിഷപ് സമ്മേളനത്തിൽ പങ്കെടുത്ത ഇടവക പ്രതിനിധികൾക്ക് സമ്മാനിച്ചു.

### വരിസംഖ്യ കുടിശിക

മലബാർ വിഷന്റെ 2018-ലെ വരിസംഖ്യ ചില ഇടവകകളിൽ നിന്ന് ഇനിയും ലഭിക്കുവാനുണ്ട്. വരിസംഖ്യയിനത്തിൽ കുടിശിക വരുത്തുന്നത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് കുടിശിക തുക എത്രയും വേഗം ലഭിക്കണം. വികാരിയച്ചന്മാർ ദയവായി പ്രസ്തുത തുക കഴിവതും വേഗത്തിൽ മേരിക്കുന്ന് പിഎംഒസിയിൽ പ്രവർത്തിക്കുന്ന മലബാർ വിഷൻ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു.

### വരിസംഖ്യാ വർധനവ്

മലബാർ വിഷന്റെ വാർഷിക വരിസംഖ്യ 60 രൂപയായിരുന്നു. പുനഃപ്രസിദ്ധീകരണം ആരംഭിച്ച 2014 മുതൽ വരിസംഖ്യയിൽ മാറ്റം വരുത്തിയിട്ടില്ല. ഒരു പത്രത്തിന് പ്രിന്റിങ് ചാർജ് മാത്രം 4 രൂപയാണ്. ഓഫീസ് ചെലവുകൾ, വിതരണ ചെലവ് തുടങ്ങിയവ കൂടി പരിഗണിക്കുമ്പോൾ ശരാശരി ഒരു കോപ്പിക്ക് 7 രൂപ മുടക്ക് വരുന്നുണ്ട്. പുനഃപ്രസിദ്ധീകരണം ആരംഭിച്ച സമയത്ത് 12 പേജുകൾ അടിസ്ഥാനപ്പെടുത്തിയായിരുന്നു പത്രത്തിന്റെ വില നിശ്ചയിച്ചത്. പിന്നീട് നാലു പേജുകൾ കൂടി വർദ്ധിപ്പിച്ചെങ്കിലും വിലയിൽ മാറ്റം വരുത്തിയില്ല. ജി എസ ്ടി ഏർപ്പെടുത്തിയത് പ്രിന്റിങ് ചെലവിൽ വലിയ വർധനയ്ക്ക് കാരണമായി. ന്യൂസ് പ്രിന്റിനും കാര്യമായ വിലവർധനവുണ്ടായി. ഈ സാഹചര്യത്തിൽ വരിസംഖ്യ വർധിപ്പിക്കാതെ മുന്നോട്ടു പോകുകയെന്നത് പ്രയാസമായതിനാൽ 2019 ജനുവരി മുതൽ വാർഷിക വരിസംഖ്യ 80 രൂപയായി വർധിപ്പിക്കാൻ നിർബന്ധിതരാ യിരിക്കുകയാണ്. 'മലബാർ വിഷന്'നാളിതുവരെ നൽകിവരുന്ന പ്രോത്സാഹനത്തിനും പിന്തുണയ്ക്കും പ്രത്യേകം നന്ദി പറയുന്നു. തുടർന്നും സ്നേഹവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

### കരോൾ ഗാനമത്സരം

മലബാർ വിഷനും മിഷൻ ലീഗും സംയുക്തമായി മേരിക്കുന്ന് പിഎംഒസിയിൽ വച്ച് കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 20 ടീമുകൾ പങ്കെടുത്തു.

**ഫാ. ബെന്നി കാരക്കാട്ട്**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

2018 ഡിസംബർ 9 ന് പശുക്കടവ് സ്കൂളിൽ വച്ച് ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിന്റെ ജില്ലാ സമ്മേളനം നടത്തുകയുണ്ടായി. ബഹു. കെ.എൽ. എം ഡയറക്ടർ ഫാ. ജയ്സൺ കാരക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ബാബു ജേക്കബ് ഉദ്ഘാടനം ചെയ്തു. നമ്മുടെ ഇടയിലുള്ള പ്രധാന പ്രശ്നം ആളുകളുടെ എണ്ണത്തിലുള്ള കുറവാണെന്നും അതിനായി നാമെല്ലാവരും ഒരുമിച്ച് നിന്ന് കൂടുതൽ അംഗങ്ങളെ ക്ഷേമനിധിയിൽ ചേർത്ത് പ്രവർത്തിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. പശുക്കടവ് ഇടവക വികാരി ഫാ.തോമസ് ചക്കിട്ടമുറി അച്ചൻ മുഖ്യപ്രഭാഷണം നടത്തി. കാർഷിക വിളകളുടെ വിലക്കുറവും, കാട്ടുമൃഗങ്ങളുടെ ശല്യവും, സർക്കാറിന്റെ ഭാഗത്തു നിന്നുള്ള ഉത്തരവാദിത്വമില്ലായ്മയും കർഷകന്റെ ഇന്നിന്റെ ആവശ്യങ്ങൾക്കായി മുന്നേറുവാനും നാമെല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നായി ഉന്നത വിജയം കരസ്ഥമാക്കിയ ക്ഷേമനിധിയിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ 2 മക്കൾക്ക് (സ്റ്റെഫിൻ മാത്യു ചേംബ്ലായിൽ പശുക്കടവ്, ടെസ്ലിൻ ജെയിംസ് കൊട്ടാരത്തിൽ പശുക്കടവ്) മെമെന്റോ നൽകി ആദരിക്കുകയുണ്ടായി. ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിന്റെ ട്രഷറർ ശ്രീ. ജോണി കെ.വി അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും തുടർന്ന് പശുക്കടവ്, മരുതോങ്കര ഭാഗത്തുള്ള ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിലുള്ള അംഗങ്ങൾക്ക് പാസ്സ് ബുക്ക് വിതരണവും നടത്തി. ബഹു. വാർഡ് മെമ്പർ ശ്രീമതി. ബിബി പാറക്കൽ ആശംസ പ്രസംഗം നടത്തി. ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ. ജോഷി കുമ്പുക്കലിന്റെ നന്ദി പ്രസംഗത്തോടെ യോഗം സമാപിച്ചു.

2018 ഡിസംബർ 17 ന് താമരശ്ശേരി കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് കെ.എൽ.എം ഇടവക പ്രതിനിധികൾക്കായ് ക്രിസ്തുമസ് ആഘോഷം നടത്തി. ബഹു. കെ.എൽ. എം ഡയറക്ടർ ഫാ. ജയ്സൺ കാരക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കെ.എൽ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. നമ്മുടെ ഇടയിലുള്ള അസംഘടിതരായ തൊഴിലാളികളെ ഒരുമിച്ച് കൂട്ടി നമുക്ക് അവകാശപ്പെട്ട അവകാശങ്ങളും ആനുകൂലങ്ങളും കൈപ്പറ്റുന്നതിനായി വിവധ ക്ഷേമനിധികളിലും പെൻഷൻ പദ്ധതികളിലും അംഗമാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിക്കുകയുണ്ടായി. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ക്രിസ്തുമസ് സന്ദേശം നല്കുകയും തുടർന്ന് കേക്ക് മുറിക്കുകയും ചെയ്തു. പിന്നീട് ഈ വർഷത്തേക്കുള്ള കെ.എൽ.എം ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : ജോഷി ജോസഫ് കുമ്പുക്കൽ പീടികപ്പാറ |
| വൈസ് പ്രസിഡന്റ് | : മേരിക്കുട്ടി ജോസ് ഏലംകുന്നേൽ പൂതംപാറ |
| സെക്രട്ടറി | : സ്റ്റീഫൻ കെ . എസ് കൊട്ടാരത്തിൽ ചെമ്പനോട. |
| ജോയിന്റ് സെക്രട്ടറി | : ഗ്രേസി വിൻസന്റ് മുള്ളനാനിക്കൽ ചക്കിട്ടപാറ |
| ട്രഷറർ | : മാത്യു കെ. സൈമൺ കപ്പലുമാക്കൽ പാത്തിപ്പാറ |

**എക്സികുട്ടീവ് മെമ്പേഴ്സ്**

1. ബിബി സജി പാറക്കൽ പശുക്കടവ്
2. ജോസഫ് മാത്യു കല്ലടിയിൽ ആനക്കാംപൊയിൽ
3. സാബു തോമസ് മുട്ടത്തുകുന്നേൽ വിലങ്ങാട്
4. കുര്യാച്ചൻ വി.ജെ വടക്കേടത്ത് പുല്ലൂരാംപാറ
5. വിൻസന്റ് തടത്തിൽ പനംപിലാവ്

**ഫാ. ജെയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ

# ഫാമിലി അപ്പോസ്റ്റലേറ്റ്

ഡിസംബർ 04 -07 **തീ**യ്യതികളിൽ പി.എം.ഒ.സി യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 80 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. അബ്രാഹം കാവിൽപുര യിടത്തിൽ, ഫാ. കുര്യൻ പുരമഠം, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, ഫാ. അഗസ്റ്റ്യൻ വാമറ്റത്തിൽ, ഡോ. അബ്രാഹം ജേക്കബ്, അസിസ്റ്റന്റ് ട്രാഫിക് കമ്മീഷണർ രാജു മാത്യു, പ്രൊഫ. ചാക്കോ കാളംപറമ്പിൽ മിസ്സിസ് ഷാന്റി ജോസ്, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ.അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. 6-ാം തിയതി അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് കോഴ്സിൽ പങ്കെടുത്തവർക്കു വേണ്ടി ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ശാന്തി എന്നിവർ ക്ലാസുകൾ എടുത്തു. 150 -ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എം.എസ്.എം.ഐ സിസ്റ്റേഴ്സ്, മിസ്റ്റർ ആൻഡ്രൂസ് ചൂരപ്പൊയ്കയിൽ, എന്നിവർ കൗൺസിലിംഗിനു നേതൃത്വം നല്കി.

**2019-ലെ പ്രീ - കാനാ കോഴ്സുകൾ**

| | | | |
|---|---|---|---|
| ജനുവരി | 07 - 10 | ജൂലൈ | 08 - 11 |
| ഫെബ്രുവരി | 04 - 07 | ആഗസ്റ്റ് | 05 - 08 |
| മാർച്ച് | 04 - 07, 25 - 28 | സെപ്റ്റംബർ | 09 - 12 |
| ഏപ്രിൽ | 08 - 11 | ഒക്ടോബർ | 07 - 10 |
| മേയ് | 06 - 09 | നവംബർ | 04 - 07 |
| ജൂൺ | 03 - 06 | ഡിസംബർ | 09 - 12 |

N. B: **2019-ലെ പ്രീ - കാനാ കോഴ്സുകൾ തിങ്കളാഴ്ച ആരംഭിച്ച് വ്യാഴാഴ്ച അവസാനിക്കുന്നു.**

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പ്രോ-ലൈഫ് രൂപതാ എക്സികുട്ടീവ്സിന്റേയും പ്രോ-ലൈഫ് സെല്ലുകളുടേയും, വിവിധ സന്യാസിനി സമൂഹത്തിൽപെട്ട ഡോക്ടർ മാരുടേയും, നേഴ്സ്മാരുടേയും സംഘടനയായ നൈറ്റിംഗേൽ നേഴ്സസ് ഫോറത്തിന്റേയും, യുവജനങ്ങളുടേയും ഒരു സംയുക്തസെമിനാർ ഡിസംബർ 16-ാം തീയ്യതി നടത്തി പി.എം.ഒ.സിയിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. സ്വവർഗ്ഗരതിയും ക്രിസ്തീയ പഠനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി Dr.Titus Varghese ക്ലാസ്സെടുത്തു, മോൺസിഞ്ഞോർ ആന്റണി കൊഴുവനാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് മി. സജീവ് പുരയിടത്തിൽ, KCBC പ്രോ-ലൈഫ് സമിതി ജോയിന്റ് സെക്രട്ടറി ഷിബു കൊച്ചുപറമ്പിൽ, ട്രഷറർ ടോമി പ്ലാത്തോട്ടം, പ്രോ-ലൈഫ് കോട്ടയം രൂപതാ Co-ordinator ഫാ. മാത്യുക്കുട്ടി, രൂപതാ സെക്രട്ടറി വിനോദ് വെട്ടത്ത്, നൈറ്റിംഗേൽ നേഴ്സസ് ഫോറം രൂപതാ പ്രസിഡന്റ് സി. സ്റ്റെല്ല എസ്.എച്ച്, എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽ നിന്ന് 120-ഓളം പേർ പങ്കെടുത്തു സെമിനാർ ഉച്ചയ്ക്ക് 2 മണിയ്ക്കാരംഭിച്ച് 5 മണിയോടെ സമാപിച്ചു. അതിനുശേഷം രൂപതയുടെ മരിയൻ പ്രോ-ലൈഫ്

മൂവ്മെന്റിന്റെ എക്സികുട്ടീവ് സമ്മേളനം നടത്തി ഭാവിപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് രൂപതാ ഡയറക്ടർ ഫാ.ജോസ് പെണ്ണാപറമ്പിൽ KCBC പ്രോ-ലൈഫ് സമിതിയുടെ മലബാർ മേഖലയുടെ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ടു. താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പുല്ലൂരാംപാറയിലെ ആകാശപറവക ളോടൊത്ത് ക്രിസ്മസ് ആഘോഷം നടത്തി. കരോൾഗാനമാലപിക്കുകയും, കേക്ക് മുറിക്കുകയും, ഭക്ഷണം നൽകുകയും ചെയ്തു. രൂപതാ പ്രസിഡന്റ് സുബിൻ തയ്യിൽ സെക്രട്ടറി ഗോഡ്വിൻ ജോസ്, രൂപതാ വൈസ് പ്രസിഡന്റ് നേഹ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ജറീക്കോ പ്രാർത്ഥന**

ഇന്ത്യയിലെ 174 രൂപതകളിലെയും രൂപതാസ്ഥാനങ്ങളിൽ ജറീക്കോ പ്രാർത്ഥന നടത്തി മാതൃരാജ്യമായ ഭാരതത്തിനും തിരുസഭക്കും വേണ്ടി ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയ മാസങ്ങളാണു കടന്നുപോയത്. ഇതിന്റെ ഭാഗമായി താമരശ്ശേരി രൂപതയിലെ മേരിമാതാ കത്തീഡ്രൽ പള്ളിയിൽ വച്ചും കോഴിക്കോട് രൂപതയുടെ മേരിക്കുന്നു ഹോളിറെഡീമർ പള്ളിയിൽ വച്ചും ജറീക്കോ പ്രാർത്ഥന നടന്നു. അവിടെ നിന്നും വെഞ്ചരിച്ച കുരുശുമായി രൂപതയുടെ 9 ഫൊറോനകളിലെ എല്ലാ പള്ളികളിലും തന്നെ സന്ദർശനം നടത്തുകയും വിശ്വാസികൾ ഒന്നു ചേർന്ന് ഇടവകകളിൽ വച്ച് ജറീക്കോ പ്രാർത്ഥന നടത്തുകയും ഭാരതത്തിനും സഭയ്ക്കും പ്രത്യേകിച്ചും കേരളസഭക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**പുഷ് (PUSH - 2018)**

174 രുപതകളിലും നിന്ന് ജറീക്കോ കുരിശുമായി പ്രതിനിധികൾ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒത്തുചേരുകയും അവർക്കുവേണ്ടി ഒരു മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫറൻസ് നടത്തുകയും ചെയ്തു. എൻ. എസ്. റ്റി യുടെ നേതൃത്വത്തിൽ രണ്ടായിരത്തോളം ആളുകൾ പങ്കെടുത്ത ഈ കോൺഫറൻസിൽ കോഴിക്കോട് സോണിൽ നിന്നു മാത്രം 170 ആളുകൾ പങ്കെടുത്തു. അവിടെ വച്ച് മധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ചും പ്രവാചക മധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ചുമുള്ള ക്ലാസ്സുകൾ എടുക്കു കുകയും എല്ലാവരും ഒന്നുചേർന്ന് ശക്തമായി മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു. അതിൽ

പങ്കെടുത്തവർക്കു ലഭിച്ച പരിശുദ്ധാത്മാഭിഷേകവും മധ്യസ്ഥ പ്രാർത്ഥനയോടുള്ള താല്പര്യവും സോണിലെ നവീകരണ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ഊർജവും ശക്തിയും ലഭിക്കുന്നതിനിടയാക്കി.

### സോണിലെ മധ്യസ്ഥ പ്രാർത്ഥന

ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ മൂന്നാം ശനിയാഴ്ചകളിൽ താമരശ്ശേരി ചാവറ ഭവനിൽ വച്ചു സോണിനുവേണ്ടി യുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു.

ദാനിയേൽ പ്രവാചകന്റെ 10-ാം അദ്ധ്യായത്തിൽ നിന്നും പ്രചോദനമുൾക്കാണ്ടുകൊണ്ട് ഭാരതസഭയ്ക്കും പ്രത്യേകിച്ച് കേരളത്തിലെ സഭയ്ക്കും വേണ്ടി സോണിലെ അംഗങ്ങളെല്ലാം 21 ദിവസം നോയമ്പു നോക്കിയും/ഉപവസിച്ചും പ്രാർത്ഥിച്ചും. ഈ 21 ദിവസ നോയമ്പ്/ഉപവാസ പ്രാർത്ഥന ഗ്രൂപ്പുകളായി തിരിച്ചു മുന്നോട്ടു കൊണ്ടുപോകാനും തീരുമാനിച്ചു.

എല്ലാ സബ് സോണുകളിലും മാസത്തിലൊരിക്കൽ ഒരു ദിവസം മധ്യസ്ഥ പ്രാർത്ഥനയും പ്രവാചക മധ്യസ്ഥ പ്രാർത്ഥനയും തീരുമാനിച്ചു. തിരുവമ്പാടി തോട്ടുമുക്കം, കോഴിക്കോട് സിറ്റി എന്നിവിടങ്ങൾ ഇത് ആരംഭിച്ചു. മറ്റു സബ് സോണുകളിലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

എല്ലാ മാസങ്ങളിലെയും അവസാന ബുധനാഴ്ച അമലാപുരി നിത്യാരാധന കേന്ദ്രത്തിൽ വച്ച് മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി രാത്രി എട്ടു മണി മുതൽ രാവിലെ 5 മണി വരെ ജാഗരണ പ്രാർത്ഥന മുടങ്ങാതെ നടന്നു വരുന്നു.

രൂപതാഭവനിൽ വച്ച് രൂപതയ്ക്കും രൂപതാദ്ധ്യക്ഷനും വൈദികർക്കും ഇടവകകൾക്കും സന്യസ്തർക്കും വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ നടക്കുന്നു.

### ദമ്പതീസംഗമം

കോഴിക്കോടു സോണുകളിലെ ദമ്പതീ സെല്ലുകളുടെ ഒരു ഏകദിന കൂട്ടായ്മ കുന്ദമംഗലം സെന്റ് ജോസഫ് പള്ളിയിൽ വച്ച് ഡിസംബർ രണ്ടാം തീയ്യതി നടന്നു. 130 ദമ്പതികളിൽ പങ്കെടുത്ത ഈ കൂട്ടായ്മക്കുവേണ്ടി അഭി. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ദിവ്യ ബലി അർപ്പിക്കു കയും സന്ദേശം നൽകുകയും ചെയ്തു. കെ. എസ്. റ്റി വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ കൂട്ടായ്മയ്ക്കുവേണ്ടി ക്ലാസ് എടുക്കുകയും ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചൻ അഭിഷേക പ്രാർത്ഥന നടത്തുകയും ചെയ്തു.

### "ക്രിസ്തുമസ് കരോളും മംഗളവാർത്തയും"

സോണിന്റെ കെറിഗ്മ മിനിസ്ട്രിയുടെ നേതൃത്ത്വത്തിൽ ഡിസംബർ 3 മുതൽ 20 വരെ "ക്രിസ്തുമസ് കരോളും മംഗളവാർത്തയും" എന്ന പേരിൽ ഒരു തെരുവു സുവിശേഷ പ്രഘോഷണം നടത്തി. സോണിലെ ആറോളം ശുശ്രൂ,കർ പങ്കെടുത്ത ഈ പരിപാടിയിൽ ദിവ്യ രക്ഷകന്റെ ജന നത്തെ സംബന്ധിക്കുന്ന മംഗളവാർത്ത ലളിതമായ ഭാഷയിൽ അങ്ങാടി കളിലും തെരുവുകളിലും പ്രഘോഷിക്കപ്പെട്ടു.

കെറിഗ്മ മിനിസ്ട്രിയുടെ കീഴിലുള്ള മിഷൻ പ്രോഗ്രാം നന്നായി പ്രവർത്തിക്കുന്നു. ഒക്ടോബർ 12 – 14 ദിവസങ്ങളിൽ 3 ദിവസത്തേക്ക് മിഷൻ കേന്ദ്രങ്ങളിൽ പോയി പ്രവർത്തിക്കാനാഗ്രഹിക്കുന്നവർക്കുവേണ്ടി ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ ട്രെയിനിംഗ് പ്രോഗ്രാം നടത്തി. ഇതിൽ പങ്കെടുത്തവരിൽ 4 പേർ മദ്ധ്യപ്രദേശിൽ മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി മധ്യസ്ഥപ്രാർത്ഥനയ്ക്കായി പോയിട്ടുണ്ട്.

കോഴിക്കോട്ടു സോണിലെ കൗൺസിലേഴ്സിന്റെ ഒരു കൂട്ടായ്മ ഡിസംബർ 2,3 തീയ്യതികളിൽ കോഴിക്കോട് എസ്. ആർ. സി യിൽ വച്ചു നടത്തി. പങ്കെടുത്തവർക്ക് ബഹു. ഷാന്റിയച്ചൻ ക്ലാസ്സുകൾ എടുത്തു.

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ നാഷണൽ കൺവൻഷൻ 2018 ഒക്ടോബർ മാസം മേഘാലയിലെ ഷില്ലോഗിൽ വെച്ചു നടന്നു. ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വത്തിന്റെ സോണിൽ നിന്നും 7 പേർ പങ്കെടുത്തു. മേഘാലയിലെ ഒരു മിഷൻ രൂപതയായ നോൺ സ്റ്റോയിനിലെ “റാംബ്റായി” ഇടവക സന്ദർശിക്കുകയും അവിടെയുള്ള ഒരു ഗ്രാമത്തിൽ ഗ്രാമവാസികളുമായി ഒരു ദിവസം ചിവവഴിക്കുകയും അവിടെയുള്ള ഒരു ഗ്രാമത്തിൽ ഗ്രാമവാസികളുമായി ഒരു ദിവസം ചിലവഴിക്കുകയും അവിടെ നടന്ന ദിവ്യബലിയിലും മാമ്മോദീസാ തുടങ്ങിയ കൂദാശകളിലും അവരോടൊപ്പം പങ്കെടുക്കുകയും അവിടെത്തെ ചില ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തത് അനുഭവേദ്യമായിരുന്നു.

**ഫാ. സൈമൺ വള്ളോപ്പള്ളി**
ഡയറക്ടർ, കരിസ്മാറ്റിക്ക് നവീകരണം



# യേശുക്രിസ്തുവിന്റെ ജനനം

**ഫാ. ദേവസ്യ വലിയപറമ്പിൽ**
ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോം, മേരിക്കുന്ന്.

എല്ലാ ജനങ്ങളും പേരുചേർത്തീടുവാൻ,
സീസറിൻ കല്പന വന്ന നാളിൽ;
ജോസഫും ഗർഭിണി ഭാര്യ മറിയവും,
ബേത്‌ലെഹം പട്ടണം തന്നിൽ പോയി.
അവിടെയവളുടെ പ്രസവമടുത്തപ്പോൾ,
പ്രസവിച്ചവൾ തൻ കടിഞ്ഞൂൽ സുതനെ.
സത്രത്തിൽ തങ്ങൾക്കു സ്ഥലം ലഭിക്കായ്കയാൽ,
കുഞ്ഞിനെ പുൽത്തൊട്ടിയിൽ കിടത്തി.
ആടിനെ കാത്തിടുമിടയന്മാർ ചാരത്ത്,
ചെന്നിദമറിയിച്ചു ദൈവദൂതൻ!
"ഏറ്റം സമുന്നത സന്തോഷ സദ്‌വാർത്ത,
ഞാനിന്നു നിങ്ങളോടോതീടുന്നു.
ദാവീദിൻ പട്ടണം തന്നിലായ് നിങ്ങൾക്ക്,
രക്ഷകൻ ക്രിസ്തു ജനിച്ചിതല്ലോ
പിള്ളക്കച്ച ചുറ്റി പുൽതൊട്ടി തന്നിലായ്,
ശയിക്കും ശിശുവിനെ നിങ്ങൾ കാണും".
പെട്ടന്ന് സ്വർഗ്ഗീയ സൈന്യത്തിലൊരു വ്യൂഹം,
ദൈവത്തെ സ്തുതിപാടി ചൊല്ലിയിദം:
"അത്യുന്നതങ്ങളിൽ മഹത്വം ദൈവത്തിന്,
ദൈവകൃപയുള്ളോർക്കു സമാധാനം".
ദൂതൻമാരവിടുന്നു സ്വർഗ്ഗത്തിൽ പോയപ്പോൾ,
ഇടയൻമാർ പരസ്പരമോതിയിദം.
"ബേത്‌ലേഹം വരെയിന്നു പോകാം നമുക്കെല്ലാം,
കർത്താവറിയിച്ച കാര്യം കാണാൻ".
അതിവേഗമവർ പോയി, മറിയത്തെയും പിന്നെ,
തൊഴുത്തിൽ കിടക്കും ശിശുവിനെയും;
അടുത്തു തന്നെ നില്ക്കും മേരിതൻ ഭർത്താവാം,
ജോസഫിനെയുമവർ ദർശിച്ചു.
ഉടനെ ശിശുവിനെപ്പറ്റിക്കേട്ട കാര്യങ്ങ-
ളറിയിച്ചു മറ്റു മനുഷ്യരെയും.
അതുകേട്ടവരെല്ലാമത്ഭുതപ്പെട്ടു പോയ്,
മറിയമോ, തൻ ഹൃദയത്തിൽ സൂക്ഷിച്ചെല്ലാം.
തങ്ങളോടുരചെയ്തതെല്ലാമതുപോലെ,
കണ്ടും കേട്ടുമവരറിഞ്ഞതിനാൽ,
ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും
ചെയ്തു കൊണ്ടിടയൻമാർ തിരികെപ്പോയി.

*******************

# വിശുദ്ധ നാട്ടിലേക്ക് തീർത്ഥയാത്ര
# ബൈബിൾ പഠനവും തീർത്ഥയാത്രയും

ദൈവനിയോഗമനുസരിച്ച് ബഹു. കാപ്പിലച്ചൻ വൈദികരേയും സന്യാസിനികളേയും അൽമായരേയും ഉൾപ്പെടുത്തിക്കൊണ്ട്, 1995 മുതൽ നടത്തിവരുന്ന വിശുദ്ധനാട് തീർത്ഥയാത്രകൾ, ഇതിനകം 55 പ്രാവശ്യം നടത്തിക്കഴിഞ്ഞു. 56-ാമത്തെ യാത്ര 2019 മേയ് 11 ന് പുറപ്പെടുന്നു.

ഇത് ഒരു ബൈബിൾ പഠനവും തീർത്ഥയാത്രയോടുമൊപ്പം, നല്ലൊരു ധ്യാനപരിപാടിയുമാണെന്ന് പങ്കെടുത്തവരെല്ലാം സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ മനുഷ്യരക്ഷാ പദ്ധതി മുഴുവൻ അരങ്ങേറിയ പുണ്യസ്ഥല ങ്ങൾ ഉൾക്കൊള്ളുന്ന, ഇസ്രായേൽ, പലസ്തീന, ജോർദ്ദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങളിലൂടെയുള്ള യാത്രയാണിത്. ഈ തീർത്ഥയാത്രയിൽ സംബന്ധിക്കുന്ന ഓരോരുത്തരും വിശ്വാസത്തിൽ ഒത്തിരിയേറെ ആഴപ്പെടുന്ന അനുഭവമാണുള്ളത്.

**ഇസ്രായേലിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട "ടൂർ ഗൈഡ്" ആണ് ബഹു. കാപ്പിലച്ചൻ.** എല്ലാ പുണ്യസ്ഥലങ്ങളെസംബന്ധിച്ചു ബൈബിൾ ചരിത്രവുമായി ബന്ധപ്പെടുത്തി, മലയാളത്തിൽ വിവരിച്ച് കൊടുക്കുന്നു. അതോടൊപ്പം ഈശോയുടെ ജീവിതവും പ്രവർത്തനങ്ങളും, സുവിശേഷങ്ങളിലെ മറ്റ് സംഭവങ്ങളും കൂടുതൽ മനസിലാക്കാൻ ആവശ്യമായ ചരിത്ര പാശ്ചാത്തലങ്ങളെപ്പറ്റിയും വിവരിച്ച് കൊടുക്കുന്നു, അബ്രാഹം തുടങ്ങി പഴയ നിയമചരിത്ര സംഭവങ്ങൾ, ഈശോയുടെ ജീവിതകാലഘട്ടത്തിലെ യഹൂദരുടെ പാരമ്പര്യങ്ങളും ആചാരാനു ഷ്ഠാനങ്ങളും, മതാത്മകജീവിത രീതികൾ, ദൈവാലയവും ബലിയർ പ്പണങ്ങളും, പൗരോഹിത്യ ശുശ്രൂഷകൾ, ഈശോയ്ക്ക് ശേഷം ഇന്ന് വരെ യുള്ള പലസ്തീനയുടെ ചരിത്രം, ഇന്നത്തെ ഇസ്രായേൽ രാഷ്ട്രം എന്നിവയെല്ലാം വിശദീകരിച്ച് പറഞ്ഞുകൊടുക്കുന്നതാണ്; കൂടാതെ മദ്ധ്യപൂർവ്വദേശത്തെ രാജ്യങ്ങളെപ്പറ്റിയും ഇസ്രായേൽ പലസ്തീന സംഘട്ട നങ്ങളുടെ ചരിത്രവും ഇന്നത്തെ അവസ്ഥയും പരാമർശിക്കപ്പെടുന്നതാണ്.

56-ാ മത്തെ ഈ യാത്ര 2019 മേയ് 11 ന് ആരംഭിച്ച് മേയ് 20 ന് തിരിച്ചെത്തുന്നു. ഈ തീർത്ഥയാത്രയിൽ പങ്കുചേരാൻ താല്പര്യ പ്പെടുന്നവർ, ജോസഫ് കാപ്പിലച്ചനുമായി ബന്ധപ്പെടുക.

ഫാ.ജോസഫ് കാപ്പിൽ
വിയാനി പ്രീസ്റ്റ് ഹോം
ഈരൂട് കൂടത്തായ് - 673573
ഫോൺ. 9446501944

# എൽ. ഡി. എസ്.

## Free Recruitment to UK

LDS International HR Consultancy Pvt. Ltd. വഴി നഴ്സുമാർക്ക് വിദേശ ജോലിക്ക് അവസരമൊരുക്കുന്നു. നേഴ്സിംഗ് കഴിഞ്ഞ് ഒരു വർഷത്തെ പ്രവർത്തി പരിജയവും IELTS പരീക്ഷയിൽ എല്ലാ മോഡ്യൂളിലും 7.0, റൈറ്റിംഗിന് 6.5 ഉം OET എല്ലാ മോഡ്യൂളിലും ബി. ഗ്രേഡും ഉള്ളവർക്ക് മുൻഗണന. ജനുവരി 4, 5, 6 തീയതികളിൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അവരുടെ അപേക്ഷ ldsjob2uk@gmail.com എന്ന മെയിലിലേക്ക് അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446359184/ 9496464576 എന്ന നമ്പറിലേക്ക് വിളിക്കാവുന്നതാണ്.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, എൽ.ഡി.എസ്.

# വികസനവേദി

## ആശാകിരണം പദ്ധതി വാർഷിക സമ്മേളനം

കാരിത്താസ് ഇന്ത്യയുടെയും താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവനവിഭാഗമായ സി.ഒ.ഡിയുടെയും നേതൃത്വത്തിൽ നടന്നു വരുന്ന ആശാകിരണം വൊളണ്ടിയേഴ്സിന്റെ വാർഷിക സമ്മേളനം താമരശ്ശേരി മേരിമാതാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടന്നു. താമരശ്ശേരി രൂപതാ അദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. ആശാകിരണം പദ്ധതി വഴി കാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനായി നടക്കുന്ന ബോധവൽക്കരണ സെമിനാറുകൾ, മെഡിക്കൽക്യാമ്പുകൾ, സ്കൂൾ വൊളണ്ടിയർ ആർമി പ്രവർത്തനങ്ങൾ എന്നിവയും കാൻസർ രോഗ ബാധിതരായ 110 ഓം കുടുംബങ്ങൾക്ക് നല്കികൊണ്ടിരിക്കുന്ന 500/- രൂപ വരുന്ന പ്രതിമാസ സഹായവും അഭിനന്ദനാർഹമാണെന്നും അടുത്ത വർഷ ങ്ങളിൽ തുടരേണ്ടതാണെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. മോൺ.ജോൺ ഒറവുംകര അദ്ധ്യക്ഷത വഹിച്ചു. സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ, അസി.ഡയറക്ടർ ഫാ.ജോർജ് ചെമ്പരത്തി, ഡോ.ചാക്കോ കാളംപറമ്പിൽ, മി.സാജു ജെയിംസ്, മി.ജോൺ പുതിയാമഠത്തിൽ, ക്ലാരമ്മ തോമസ്സ്, റ്റി.ജെ. കുര്യാച്ചൻ സാർ, ജോയി കെ.സി എന്നിവർ പ്രസംഗിച്ചു. ആശാകിരണം കോർഡിനേറ്റർ സി.റോസ് മൈക്കിൾ എം.എസ്.എം.ഐ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

## കാൻസർ രോഗികൾക്കായ് മുടി നൽകി

### ചെമ്പനോട സെന്റ് ജോസഫ്സ് ഹൈസ്കൂൾ

സഹജരോടുള്ള സ്നേഹവും കാരുണ്യവുമാണ് കേശദാനത്തിലൂടെ 30 കുട്ടികൾ പങ്കുവെച്ചതെന്ന് ജി.ജയദേവ് ,കോഴിക്കോട് റൂറൽ പോലീസ് ഐ.ജി ഉൽഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. ചെമ്പനോട സെന്റ് ജോസഫ്സ് ഹൈസ്കൂൾ മാനേജർ ഫാ.മാത്യു ചെറുവേലിൽ, സി.ഒ.ഡി. അസി.കോർഡിനേറ്റർ ഫാ. ജോർജ് ചെമ്പരത്തി, നാദാപുരം ഡി.വൈ. എസ്.പി ഇ.സുനിൽ, പഞ്ചായത്ത് മെമ്പർ ലൈസ ജോർജ്, സ്കൂൾ പ്രധാന അദ്ധ്യാപകൻ സജി ജോസഫ്, കെ. എ. അബ്രാഹം , സ്റ്റീഫൻ കൊട്ടാരത്തിൽ, ജോബി എടച്ചേരി, വി. കെ. ഷാന്റി, സി. റോസ് മൈക്കിൾ എന്നിവർ പ്രസംഗിച്ചു.

### കൂടത്തായ് സെന്റ് മേരീസ് ഹൈസ്കൂൾ

കാൻസർരോഗികൾക്ക് ആശ്വാസമേകാൻ മുടി മുറിച്ച് നൽകി കൂടത്തായ് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾ മാതൃകയായി. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ നേതൃത്വത്തിൽ 23 വിദ്യാർത്ഥിനികളാണ് ആശാകിരണം സ്കൂൾ ആർമിയുടെ ഭാഗമായി അമല കാൻസർ സെന്ററിലേയ്ക്ക് ഓമനിച്ച് നീട്ടി വളർത്തിയ മുടി മടി കൂടാതെ മുറിച്ചു നൽകിയത്. കോഴിക്കോട് അസി.കളക്ടർ കെ.എസ്. അഞ്ജു ഉൽഘാടനം ചെയ്തു. ഓമശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ഗ്രേസി നെല്ലിക്കു ന്നേൽ, മെമ്പർ കെ.പി.കുഞ്ഞഹമ്മദ്, സി.ഒ.ഡി.കോർഡിനേറ്റർ ഫാ.സുധീപ് കിഴക്കരക്കാട്ട്, പ്രിൻസിപ്പൽ ഫാ.സിബി പൊൻപാറ, എസ്.പി.സി. നോഡൽ ഓഫീസർ ഗഫൂർ, ഡോ. ചാക്കോ കാളംപറമ്പിൽ, സി. റോസ് മൈക്കിൾ, റെജി കരോട്ട് എന്നിവർ പ്രസംഗിച്ചു.

### വിധവാ ശാക്തീകരണ സെമിനാർ

തിരുവമ്പാടി-2018 നവംബർ 27-ാം തിയ്യതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ താമരശ്ശേരി രൂപതയിലെ വിധവകളായ സ്ത്രീക ളുടെ ഉന്നമനം ലക്ഷ്യമാക്കി സി.ഒ.ഡിയുടെയും രൂപത യൂദിത്ത് ഫോറത്തി ന്റെയും നേതൃത്വത്തിൽ സെമിനാർ നടത്തി. രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര യോഗം ഉൽഘാടനം ചെയ്തു. ഫാ. ജോസ് ഓലിയക്കാട്ടിൽ, ഫാ.ജോർജ് ചെമ്പരത്തി, സി. ജെസ്സീന - കേരള സോഷ്യൽ സർവ്വീസ് ഫോറം, സി. ഗ്ലാഡിസ് സി.എം.സി, ശ്രീമതി. അന്നക്കുട്ടി പെണ്ണാ പറമ്പിൽ, സി. റോസ് മൈക്കിൾ, ശ്രീമതി ത്രേസ്യാമ്മ തോമസ്സ്, റെനി സാബു എന്നിവർ പ്രസംഗിച്ചു. വിധവകളായ സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിലുമുള്ള സമൂഹത്തിന്റെ പങ്കും അവർക്കുള്ള സ്വയം തൊഴിൽ സാധ്യതകളും എന്ന വിഷയത്തിൽ ഡോ. ചാക്കോ കാളംപറമ്പിൽ സെമിനാർ നയിച്ചു.

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സാമ്പത്തിക സഹായ ത്തോടെ സംഘടിപ്പിച്ച സെമിനാറിൽ 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളായ സ്ത്രീകളുടെ സംഗമത്തിൽ രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര രൂപതയുടെ ശ്രദ്ധയും പരിഗണനയും അറിയിച്ചു. രൂപതയിലെ വിധവകളുടെ കൂട്ടായ്മയായ യൂദിത്ത് ഫോറത്തിന് നേതൃത്വം നല്കുന്ന ഫാ.ജോസ് പെണ്ണാപറമ്പിലിന്റെയും സി.എം.സി. സിസ്റ്റേഴ്സി ന്റെയും സഹകരണത്തോടെയാണ് മീറ്റിംഗ് സംഘടിപ്പിച്ചത്. തിരുവമ്പാടി ഫൊറോന

പാരിഷ് ഹാളിൽ വച്ച് നടന്ന യോഗത്തിൽ പങ്കെടുത്തവരെല്ലാം ഉച്ചഭക്ഷണത്തോടെ പിരിഞ്ഞുപോയി.

**സൗജന്യ നേത്ര പരിശോധന ക്യാമ്പ്**

സി.ഒ.ഡി.യുടെ കോടഞ്ചേരി ഗ്രാമ വികസന സമിതിയും രാഗം ഒപ്റ്റിക്കൽസ് താമരശ്ശേരിയും ചേർന്ന് സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസി തങ്കച്ചൻ ഉൽഘാടനം ചെയ്തു. സി.ഒ.ഡി കോർഡിനേറ്റർ ശ്രീ.ജോയി കെ.സി. അദ്ധ്യക്ഷത വഹിച്ചു. ഏരിയ കോർഡിനേറ്റർ സോളി ബെന്നി നേതൃത്വം നല്കി.

**പരിശീലനങ്ങൾ**

FACE പശുക്കടവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന മുറിവെണ്ണ നിർമ്മാണ പരിശീലന പരിപാടി വികാരി.ഫാ. ജോഷി ചക്കിട്ടമുറിയിൽ ഉൽഘാടനം ചെയ്തു. ഏരിയാ കോർഡിനേറ്റർ ശ്രീമതി. ഷാജി പോൾ പരിശീലനം നല്കി.


FACE പുല്ലൂരാംപാറ ഫാത്തിമാ മാതാ യൂണിറ്റിന്റെ നേതൃത്വത്തിൽ സോപ്പു പൊടി നിർമ്മാണം നടത്തി. ഏരിയാ കോർഡിനേറ്റർ റെനി സാബു നേതൃത്വം നല്കി.

FACE ചുണ്ടത്തുംപൊയിൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ മെഴുകു തിരി നിർമ്മാണം നടത്തി. ഏരിയാ കോർഡിനേറ്റർ ഷൈനി സിബി പരിശീലനം നല്കി.

കക്കയം GVS ന്റെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണം നടത്തി. ഏരിയാ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി.

**ഫാ. ജോസഫ് മുകളേപറമ്പിൽ**

ഡയറക്ടർ, വികസനവേദി



# പ്രളയ ദുരിതാശ്വാസ ഭവന നിർമ്മാണ സഹായനിധി

പ്രളയബാധിത പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിനായി 20.12.2018 വരെ ഇടവകകളിൽ നിന്ന് ലഭിച്ച സംഭാവനകൾ

| | ഇടവക | തുക |
|---|---|---|
| 1 | അഭയഗിരി | 3,560.00 |
| 2 | അടയ്ക്കാകുണ്ട് | |
| 3 | അമലാപുരി | 15,236.00 |
| 4 | ആനക്കാംപൊയിൽ | 10,000.00 |
| 5 | അശോകപുരം | 1,54,204.00 |
| 6 | ബാലുശ്ശേരി | |
| 7 | ചക്കിട്ടപാറ | 30,000.00 |
| 8 | ചമൽ | 97,000.00 |
| 9 | ചാപ്പൻതോട്ടം | |
| 10 | ചാത്തൻകോട്ടുനട | 15,000.00 |
| 11 | ചീരട്ടാമല | |
| 12 | ചെമ്പുകടവ് | 50,000.00 |
| 13 | ചെമ്പനോട | 1,15,000.00 |
| 14 | ചേവായൂർ | 2,25,000.00 |
| 15 | ചിപ്പിലിത്തോട് | |
| 16 | ചുണ്ടത്തുംപൊയിൽ | 1,00,000.00 |
| 17 | ദേവഗിരി | 8,77,650.00 |
| 18 | ഈസ്റ്റ് ഹിൽ | 53,388.00 |
| 19 | ഈങ്ങാപ്പുഴ | 27,330.00 |
| 20 | ഈരൂട് | 8,334.00 |
| 21 | കടലുണ്ടി | |
| 22 | കക്കാടംപൊയിൽ | 26,320.00 |
| 23 | കാക്കവയൽ | 50,000.00 |
| 24 | കക്കയം | 19,000.00 |
| 25 | കാളികാവ് | |
| 26 | കൽക്കുണ്ട് | |
| 27 | കല്ലാനോട് | 1,00,000.00 |
| 28 | കല്ലുരുട്ടി | 40,000.00 |

| | | |
|---|---|---|
| 29 | കണ്ണോത്ത് | |
| 30 | കരികണ്ടൻപാറ | |
| 31 | കരിമ്പ് | 8,300.00 |
| 32 | കരിങ്ങാട് | |
| 33 | കരിയാത്തുംപാറ | 19,000.00 |
| 34 | കരുവാരകുണ്ട് | 1,00,000.00 |
| 35 | കട്ടിപ്പാറ | 1,50,000.00 |
| 36 | കാറ്റുള്ളമല | |
| 37 | കോടഞ്ചേരി | |
| 38 | കൊണ്ടോട്ടി | |
| 39 | കോനൂർക്കണ്ടി | 7,600.00 |
| 40 | കൂടരഞ്ഞി | |
| 41 | കൂടത്തായ് | 1,60,000.00 |
| 42 | കൂമംകുളം | 1,05,000.00 |
| 43 | കൂമുള്ളി | 25,100.00 |
| 44 | കൂരാച്ചുണ്ട് | 52,180.00 |
| 45 | കൂരോട്ടുപാറ | |
| 46 | കോട്ടയ്ക്കൽ | 2,02,000.00 |
| 47 | കുളത്തുവയൽ | 1,25,000.00 |
| 48 | കുളിരാമുട്ടി | 20,000.00 |
| 49 | കുണ്ടായിത്തോട് | |
| 50 | കുണ്ടുതോട് | 97,372.00 |
| 51 | കുന്ദമംഗലം | 3,72,000.00 |
| 52 | കുപ്പായക്കോട് | 1,61,000.00 |
| 53 | കുറ്റിപ്പുറം | 75,000.00 |
| 54 | മൈലെള്ളാംപാറ | 1,00,000.00 |
| 55 | മാലാപറമ്പ് | 1,00,000.00 |
| 56 | മലപ്പുറം | 42,850.00 |
| 57 | മഞ്ഞക്കടവ് | 30,000.00 |
| 58 | മഞ്ഞക്കുന്ന് | |
| 59 | മഞ്ചേരി | |
| 60 | മഞ്ഞുമല | |
| 61 | മഞ്ഞുവയൽ | |
| 62 | മങ്കട | |
| 63 | മാങ്കാവ് | 1,00,000.00 |
| 64 | മരഞ്ചാട്ടി | 65,000.00 |
| 65 | മരിയാപുരം | 1,65,000.00 |
| 66 | മരുതോങ്കര | 1,01,583.00 |

| | | |
|---|---|---|
| 67 | മാവൂർ | |
| 68 | മുക്കം | 25,350.00 |
| 69 | മുത്തപ്പൻപുഴ | 28,500.00 |
| 70 | മുതുകാട് | 41,700.00 |
| 71 | നരിനട | |
| 72 | നെന്മേനി | |
| 73 | നൂറാംതോട് | 1,50,000.00 |
| 74 | ഊരകം | 29,000.00 |
| 75 | പടത്തുകടവ് | 1,45,333.00 |
| 76 | പനംപ്ലാവ് | 34,000.00 |
| 77 | പന്തല്ലൂർ | |
| 78 | പാറോപ്പടി | 4,00,000.00 |
| 79 | പശുക്കടവ് | 33,700.00 |
| 80 | പാത്തിപ്പാറ | |
| 81 | പാതിരിക്കോട് | |
| 82 | പയ്യനാട് | |
| 83 | പീടികപ്പാറ | 7,000.00 |
| 84 | പേരാമ്പ്ര | 70,000.00 |
| 85 | പെരിന്തൽമണ്ണ | 1,95,000.00 |
| 86 | പെരുവണ്ണാമൂഴി | 20,000.00 |
| 87 | പൊയിലോംചാൽ | 12,700.00 |
| 88 | പൊന്ന്യാംകുറിശ്ശി | 8,000.00 |
| 89 | പൂതംപാറ | 90,000.00 |
| 90 | പൂവാറൻതോട് | 16,000.00 |
| 91 | പൂഴിത്തോട് | 70,000.00 |
| 92 | പുല്ലൂരാംപാറ | 1,00,000.00 |
| 93 | പുഷ്പഗിരി | |
| 94 | പുതുപ്പാടി | |
| 95 | തലയാട് | |
| 96 | താമരശ്ശേരി | 2,95,200.00 |
| 97 | താഴെക്കോട് | 1,25,000.00 |
| 98 | തേക്കുംകുറ്റി | |
| 99 | തേഞ്ഞിപ്പാലം | 17,000.00 |
| 100 | തെയ്യപ്പാറ | 48,000.00 |
| 101 | തിരുവമ്പാടി | 3,47,000.00 |
| 102 | തോട്ടുമുക്കം | 2,00,000.00 |
| 103 | തിരൂർ | |
| 104 | വടകര | |

| | | |
|---|---|---|
| 105 | വലമ്പൂർ | |
| 106 | വാലില്ലാപ്പുഴ | 72,500.00 |
| 107 | വലിയകൊല്ലി | 20,000.00 |
| 108 | വള്ളിയാട് | 29,280.00 |
| 109 | വാളൂക്ക് | 25,300.00 |
| 110 | വാണിയമ്പലം | |
| 111 | വയലിട | |
| 112 | വേനപ്പാറ | |
| 113 | വെണ്ടേക്കുംപൊയിൽ | 10,000.00 |
| 114 | വെട്ടത്തൂർ | 12,000.00 |
| 115 | വെറ്റിലപ്പാറ | |
| 116 | വിളക്കാംതോട് | 58,820.00 |
| 117 | വിലങ്ങാട് | 1,02,360.00 |
| | **സ്വതന്ത്ര കുരിശുപള്ളി** | |
| 1 | എൻ.ഐ.റ്റി. കാമ്പസ്, കട്ടാങ്ങൽ | 41,800.00 |
| 2 | ഒറവുംപുറം | |
| 3 | പാലൂർ | 23,100.00 |
| 4 | പാലൂർകോട്ട | 30,000.00 |
| 5 | പരപ്പനങ്ങാടി | 1,000.00 |
| 6 | പാറത്തോട് | |
| 7 | പി.ടി. ചാക്കോ നഗർ | |
| | **ആകെ തുക** | **73,35,650.00** |

**മോൺ. ജോൺ ഒറവുങ്കര**
ചെയർമാൻ,
അൽഫോൻസ ഭവന നിർമ്മാണ പദ്ധതി



# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് 21.11.2018 മുതൽ 20.12.2018 വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കരികണ്ടൻപാറ | 10,000.00 |
| 2 | പീടികപ്പാറ | 10,000.00 |
| 3 | പെരിന്തൽമണ്ണ | 8,000.00 |
| 4 | പുതുപ്പാടി | 8,000.00 |
| 5 | തോട്ടുമുക്കം | 3,000.00 |
| 6 | തോട്ടുമുക്കം | 3,000.00 |
| 7 | തോട്ടുമുക്കം | 5,000.00 |

## ഭവനം

| | | |
|---|---|---|
| 8 | കൂടരഞ്ഞി | 15,000.00 |
| 9 | കൂരാച്ചുണ്ട് | 10,000.00 |
| 10 | കുളിരാമുട്ടി | 10,000.00 |
| 11 | മൈലെള്ളാംപാറ | 10,000.00 |
| 12 | പുല്ലൂരാംപാറ | 15,000.00 |
| 13 | വേനപ്പാറ | 15,000.00 |

## ചികിത്സ

| | | |
|---|---|---|
| 14 | ആനക്കാംപൊയിൽ | 5,000.00 |
| 15 | ചിപ്പിലിത്തോട് | 10,000.00 |
| 16 | ചിപ്പിലിത്തോട് | 15,000.00 |
| 17 | കാക്കവയൽ | 10,000.00 |
| 18 | കൽക്കുണ്ട് | 10,000.00 |
| 19 | കണ്ണോത്ത് | 10,000.00 |
| 20 | കട്ടാങ്ങൽ | 15,000.00 |
| 21 | കോടഞ്ചേരി | 10,000.00 |
| 22 | കുന്ദമംഗലം | 12,000.00 |
| 23 | കുന്ദമംഗലം | 10,000.00 |
| 24 | മൈലെള്ളാംപാറ | 8,000.00 |
| 25 | മൈലെള്ളാംപാറ | 10,000.00 |
| 26 | പേരാമ്പ്ര | 15,000.00 |
| 27 | പുതുപ്പാടി | 15,000.00 |
| 28 | തേക്കുംകുറ്റി | 10,000.00 |
| 29 | തിരുവമ്പാടി | 10,000.00 |

## വിവാഹം

| | | |
|---|---|---|
| 30 | കല്ലുരുട്ടി | 10,000.00 |
| 31 | മൈലെള്ളാംപാറ | 10,000.00 |
| 32 | പൂതംപാറ | 15,000.00 |
| 33 | തേക്കുംകുറ്റി | 15,000.00 |

**ആകെ തുക 3,47,000.00**

**ഫാ. ജെയിംസ് കുഴിമറ്റത്തിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ഡിസംബർ 2018

01 രാവിലെ വിളക്കാംതോട് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് പുതുതായി നിർമ്മിക്കുന്ന വൈദികമന്ദിരത്തിന് തറക്കല്ലിടുകയും ചെയ്തു.

കുന്ദമംഗലം ഇടവകയിൽ വി. കുർബാനയർപ്പിച്ച് ദമ്പതീകൂട്ടായ്മയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

01–02 ചേവായൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

03 കോടഞ്ചേരി ഇടവകയിൽ പരേതനായ ചാക്കോ അറക്കപ്പറമ്പിലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതനുവേണ്ടി പ്രാർത്ഥിച്ചു.

കരിമ്പ് ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി. യുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു.

തിരുവമ്പാടി ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി നിർമ്മിച്ച സ്നേഹാലയത്തിന്റെ പുതിയ ബ്ലോക്ക് വെഞ്ചരിച്ചു.

തിരുവമ്പാടിയിൽ ഒരു പ്രസ്സ് വെഞ്ചരിച്ചു.

തിരുവമ്പാടിയിൽ ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ബ്ലൈന്റ് വാക് ഉദ്ഘാടനം ചെയ്തു.

തിരുവമ്പാടിയിൽ മുത്തപ്പൻപുഴ പ്രദേശത്തെ കർഷകരുടെ ഭൂമി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് താമരശ്ശേരി വ്യാപാരഭവനിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ ട്രസ്റ്റ് ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം താമരശ്ശേരി സനാതാന മേജർ സെമിനാരിയിൽ പുതുതായി നിർമ്മിച്ച മാതാവിന്റെ ഗ്രോട്ടോ വെഞ്ചരിച്ചു.

4–6 എറണാകുളം പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

07 രാവിലെ പാലക്കാട് മുണ്ടൂർ ധ്യാനകേന്ദ്രത്തിൽ നടന്ന കൺവെൻഷനിൽ സംബന്ധിച്ചവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 രാവിലെ ചേവായൂർ പ്രസന്റേഷൻ സ്കൂളിൽ ജീസസ്സ് യൂത്ത് സംഘടിപ്പിച്ച ക്രിസ്തുമസ്സ് പ്രോഗ്രാമിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

പി.എം.ഒ.സി.യിൽ ദമ്പതികൾക്കായി നടന്ന കൗൺസിലിംഗ് കോഴ്സിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

പി.എം.ഒ.സി.യിൽ മലബാർവിഷന്റ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് പി.എ.ഒ.സി.യിൽ നടന്ന മതാദ്ധ്യാപക തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം കോടഞ്ചേരിയിൽ സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

09 തെയ്യാപ്പാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

10 രാവിലെ തിരുവമ്പാടി സി.എം.സി. സന്യാസിനി പ്രൊവിൻഷ്യൽ ഭവനത്തിൽ വി. കുർബാനയർപ്പിച്ച് സിനാക്സിസിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

11 രാവിലെ ബാംഗ്ലൂർ മൈലസാന്ദ്രയിലെ എസ്.എച്ച്. സന്യാസിനിഭവനത്തിൽ വി. കുർബാനയർപ്പിക്കുകയും സ്കൂൾ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയും ചെയ്തു.

ബാംഗ്ലൂർ മൈലസാന്ദ്രയിലെ സി.എം.സി. പ്രൊവിൻഷ്യൽ ഭവനം സന്ദർശിച്ചു.

വൈകുന്നേരം ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഉപരിപഠനം നടത്തുന്ന താമരശ്ശേരി രൂപതാ വൈദികരെ സന്ദർശിച്ചു.

12 രാവിലെ ബാംഗ്ലൂർ സെന്റ് പോൾസ് സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സെമിനാരി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.

13 രാവിലെ പൂനാ പേപ്പൽ സെമിനാരിയിൽ മലയാളി സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി വി. കുർബാനയർപ്പിച്ചു തുടർന്ന് ബഹു. സെമിനാരി റെക്ടറെയും രൂപതയ്ക്കുവേണ്ടി പഠനം നടത്തുന്ന സെമിനാരി വിദ്യാർത്ഥികളെയും സന്ദർശിച്ച് പഠന പുരോഗതി വിലയിരുത്തി.

ഉച്ചകഴിഞ്ഞ് മുംബൈയിൽ ഉപരിപഠനം നടത്തുന്ന താമരശ്ശേരി രൂപതാ വൈദികൻ ബഹു. മാത്യു തടത്തിലിനെ സന്ദർശിച്ചു.

വൈകുന്നേരം കല്യാൺ രൂപതാദ്ധ്യക്ഷനെ കല്യാൺ ബിഷപ്പ്സ് ഹൗസിൽ സന്ദർശിച്ചു.

14 ഉച്ചകഴിഞ്ഞ് സി.എം.സി. സന്യാസിനിസമൂഹത്തിൽ പ്രൊവിൻഷ്യലായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട സി. ഡീന സി.എം.സി.യെ കൗൺസിൽ അംഗങ്ങളോടൊപ്പം രൂപതാഭവനിൽ സ്വീകരിച്ചു.

15 രാവിലെ രൂപതാഭവനിൽ നടന്ന എഫ്.എസ്.ടി. യിൽ പങ്കെടുത്തവർക്കായി ക്ലാസ്സെടുത്തു.

ഉച്ചക്ക് കത്തീഡ്രൽ ഇടവകയിൽ സി.ഒ.ഡി.യുടെ നേതൃത്വത്തിൽ നടന്ന ആശാകിരണം എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം കണ്ണോത്ത് ഇടവകയിൽ പാവപ്പെട്ട ഒരു കുടുംബത്തിനായി ബഹു. കുര്യൻ തലച്ചിറക്കുഴിയച്ചൻ സംഭാവനയായി നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

16 രാവിലെ മാനന്തവാടി രൂപതയിലെ ദ്വാരകയിൽ നടന്ന മതബോധന വിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

17 രാവിലെ അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം തിരുവമ്പാടിയിൽ എസ്.കെ.ഡി. സന്യാസിനി സമൂഹം നട ത്തുന്ന കെയ്റോസ് സന്ദർശിച്ച് വിദ്യാർത്ഥിനികളെ അഭിസംബോധന ചെയ്തു.

18 രാവിലെ ഈങ്ങാപ്പുഴ വിൻസെൻഷ്യൻ ധ്യാനകേന്ദ്രത്തിൽ നടന്ന കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് ആനക്കാംപൊയിൽ ഇടവകയിൽ ആ പ്രദേശത്തെ കർഷ കരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി വിളിച്ചുകൂട്ടിയ യോഗത്തിൽ സംബ ന്ധിച്ചു.

വൈകുന്നേരം ഒരു ടി.വി. പ്രോഗ്രാമിന് വേണ്ടി ക്രിസ്തുമസ്സ് സന്ദേശം ഷൂട്ട് ചെയ്തു.

പുതുപ്പാടി ഫിലിപ്പ്നേരി കോൺവെന്റ് സന്ദർശിച്ച് സമൂഹാംഗങ്ങൾക്ക് ക്ലാസ്സെടുത്തു.

19 ഉച്ചകഴിഞ്ഞ് തൃശ്ശൂരിൽ ഇസാഫ് ബാങ്ക് സ്റ്റാഫ് അംഗങ്ങൾക്കായി നട ത്തിയ ക്രിസ്തുമസ്സ് ആഘോഷത്തിൽ സന്ദേശം നൽകി.

20 രാവിലെ താമരശ്ശേരി ആരാധന സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിച്ച് സിനാക്സിസിൽ പങ്കെടുത്തവരെ അഭിസംബോ ധന ചെയ്തു.

താമരശ്ശേരി രൂപതാഭവനിൽ നടന്ന വൈദികരുടെ പൊതുമാസധ്യാനത്തിൽ പങ്കെടുത്ത് ക്രിസ്തുമസ്സ് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് താമരശ്ശേരി രൂപതാഭവനിൽ മതബോധന കമ്മിറ്റിയിൽ പങ്കെ ടുത്തു.

വൈകുന്നേരം അൽഫോൻസ മൈനർ സെമിനാരിയിൽ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു.

21 രാവിലെ ആരാധന സന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യാലായി വീണ്ടു തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. ടെസി എസ്.എ.ബി.എസിനെ കൗൺസിൽ അംഗങ്ങളോടൊപ്പം രൂപതാഭവനിൽ സ്വീകരിച്ചു

കോളിക്കലിൽ പുതുതായി നിർമ്മിച്ച ഓഡിറ്റോറിയം വെഞ്ചരിച്ചു.

തിരുവമ്പാടി അൽഫോൻസ കോളേജിലെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

വൈകുന്നേരം കട്ടിപ്പാറ അൽ ഇഹ്സാൻ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി.

ചേവായൂർ പ്രസന്റേഷൻ സ്കൂളിൽ കോഴിക്കോട് നഗരത്തിലെ സമർപ്പിതരുടെ കൂട്ടായ്മ സംഘടിപ്പിച്ച ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

22 രാവിലെ തോട്ടുമുക്കം ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

ഉച്ചയ്ക്ക് രൂപതാഭവനിലെ അംഗങ്ങളോടൊപ്പം ക്രിസ്തുമസ്സ് ആഘോഷത്തിൽ സംബന്ധിച്ചു.

വൈകുന്നേരം അൽഫോൻസ സെമിനാരിയിൽ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

23 നൂറാംതോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും നവീകരിച്ച ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

കടലുണ്ടി ഇടവകയിലെ പ്രഥമ വികാരിയായിരുന്ന ബഹു. ഫാ. അത്തനാസിയോസിന്റെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് ശ്രാദ്ധബലിയർപ്പിച്ചു.

25 താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പാതിര തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

26 രാവിലെ മാനന്തവാടി രൂപതയിലെ മൊതക്കര ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കുര്യക്കോസ് പുത്തൻവീട്ടിലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് മരുതോങ്കര ഇടവകയിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

വൈകുന്നേരം വേനപ്പാറ ഇടവകയിൽ അസിസ്സി സദൻ കോൺവെന്റ് സന്ദർശിച്ചു.

27 രാവിലെ പുല്ലൂരാംപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചാക്കോ കോതാനിക്കലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് പാറോപ്പടി ഇടവകയിൽ ഒരു വിവാഹവാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം കുന്ദമംഗലം ഓക്സിലീയം നവജ്യോതി കോൺവെന്റ് സ്ഥാപനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച ജൂബിലി ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

28 രാവിലെ ചക്കിട്ടപാറ ഇടവകയിൽ സി.എം.ഐ. സന്യാസസമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ലിതിൻ കുരൂരിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് മേരിക്കുന്ന് എസ്.എച്ച്. പ്രൊവിൻഷ്യൽ ഭവനത്തിൽ സിനാ

ക്സിസിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം വെറ്റിലപ്പാറ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

29 രാവിലെ കല്ലാനോട് ഇടവകയിൽ ഷേൺസ്റ്റാട്ട് സന്യാസസമൂഹത്തിനു വേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ക്രിസ്റ്റോ കാരക്കാട്ടിന് പൗരോഹിത്യ പട്ടം നൽകി.

വൈകുന്നേരം താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹത്തിന് കാർമ്മികത്വം വഹിച്ചു.

തിരുവമ്പാടി ഇടവകയിൽ നടക്കുന്ന കാർഷികമേളയുടെ സമാപനദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു.

30 രാവിലെ ചക്കിട്ടപാറ ഇടവകയിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി.

വൈകുന്നേരം മഞ്ചേരി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഈരൂട് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ പൗരോഹിത്യ സുവർണ്ണ ജൂബിലയാഘോഷത്തിൽ പങ്കുചേർന്നു.

31 രാവിലെ ചിപ്പിലിത്തോട് ഇടവകയിൽ പിയറസ്റ്റ് സന്യാസസമൂഹത്തിനു വേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ഷിന്റോ വർഗീസ് ചിറക്കണ്ടത്തിലിന് പൗരോഹിത്യ പട്ടം നൽകി.

വൈകുന്നേരം തലയാട് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.





# POPE FRANCIS



## CALL TO HOLINESS

14. To be holy does not require being a bishop, a priest or a religious. We are frequently tempted to think that holiness is only for those who can withdraw from ordinary affairs to spend much time in prayer. That is not the case. We are all called to be holy by living our lives with love and by bearing witness in everything we do, wherever we find ourselves. Are you called to the consecrated life? Be holy by loving and caring for your husband or wife, as Christ does for the Church. Do you work for a living? Be holy by labouring with integrity and skill in the service of your brothers and sisters. Are you a parent or grandparent? Be holy by patiently teaching the little ones how to follow Jesus. Are you in a position of authority? Be holy by working for the common good and renouncing personal gain.

15. Let the grace of your baptism bear fruit in a path of holiness. Let everything be open to God; turn to him in every situation. Do not be dismayed, for the power of the Holy Spirit enables you to do this, and holiness, in the end, is the fruit of the Holy Spirit in your life (cf. Gal 5:22-23). When you feel the temptation to dwell on your own weakness, raise your eyes to Christ crucified and say: “Lord, I am a poor sinner, but you can work the miracle of making me a little bit better”. In the Church, holy yet made up of sinners, you will find everything you need to grow towards holiness.

16. This holiness to which the Lord calls you will grow through small gestures. Here is an example: a woman goes shopping, she meets a neighbour and they begin to speak, and the gossip starts. But she says in her heart: “No, I will not speak badly of anyone”. This is a step forward in holiness. Later, at home, one of her children wants to talk to her about his hopes and dreams, and even though she is tired, she sits down and listens with patience and love. That is another sacrifice that brings holiness. Later she experiences some anxiety, but recalling the love of the Virgin Mary, she takes her rosary and prays with faith. Yet another path of holiness. Later still, she goes out onto the street, encounters a poor person and stops to say a kind word to him. One more step.

(From *Gaudete et Exultate*, 14-16)